# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മണ്ണാർക്കാട് മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.22-1663/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 30/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മണ്ണാർക്കാട് മുനിസിപ്പാലിറ്റി

സർ,

വിഷയം : മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

3.റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം (ഉപരിപത്രം

സഹിതം)

4.ഓഫീസ് പകർപ്പ്

നമ്പർ: KSA.PKD.22-1663/2022 തീയ്യതി: 30/07/2022

## പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-11-2021 മുതൽ 17-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 18-07-2022 | 27-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-07-2022 | 27-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റോബർട്ട്.കെ.ജി, ഓഡിറ്റ് ഓഫീസർ.

ശ്രീമതി.പ്രീത.യു, ഓഡിറ്റ് ഓഫീസർ.

ശ്രീ.പത്മകുമാർ സി.എൽ സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.രമാദേവി.കെ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ബീന.എം.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഗീത.കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി:സുബൈദ എം.വി | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | ചെയർപേഴ്സൺ | 12-11-2020 | 27-12-2020 |
| ശ്രീ.മുഹമ്മദ് ബഷീർ | ചെയർമാൻ | 28-12-2020 | 31-03-2021 |
| ശ്രീ.ഹമീദ്.കെ.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 05-07-2020 |
| ശ്രീ.ശ്രീരാഗ്.എം.എസ് | സെക്രട്ടറി | 06-07-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഗിരിജ. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.പമീലി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2020 | 31-03-2021 |
| ശ്രീമതി.ഡെയ്സി. | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2020 | 29-06-2020 |
| ശ്രീമതി.കണ്ണമ്മ | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 30-06-2020 | 31-03-2021 |
| ശ്രീ.നിജും | ഹെൽത്ത് ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ദിനേശൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ശ്രീ.അബൂബക്കർ | പ്രോജക്റ്റ് ഓഫീസർ | 01-04-2020 | 31-03-2021 |
| വിനോദ് കുമാർ കെ.കെ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജെസ്ലിൻ ലില്ലി സാറാ ജേക്കബ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 03-09-2020 |
| ഇന്ദു.പി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 04-09-2020 | 31-03-2021 |
| ഡോ.കൃഷ്ണദാസ് | വെറ്ററിനറി സർജ്ജൻ | 01-04-2020 | 20-06-2020 |
| ഡോ.അനിൽ കുമാർ | വെറ്ററിനറി സർജ്ജൻ | 21-06-2020 | 15-10-2020 |
| ഡോ.മരിയലൂക്കോസ് | വെറ്ററിനറി സർജ്ജൻ | 16-10-2020 | 01-03-2021 |
| ഡോ. രേവതി | വെറ്ററിനറി സർജ്ജൻ | 01-03-2021 | 31-03-2021 |
| ശ്രീ.രാജേഷ്.എസ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Geetha K (Auditor, On 19-07-2022)<br>Last Updated By: Kanthaswami.I (Auditor, On 30-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Ramadevi.K.R (Senior Grade Auditor, On 25-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-07-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 25-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Ramadevi.K.R (Senior Grade Auditor, On 25-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 25-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Ramadevi.K.R (Senior Grade Auditor, On 25-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-07-2022) | 1-5 |
| 7 | പദ്ധതി അവലോകനം<br>Written By: Ramadevi.K.R (Senior Grade Auditor, On 25-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 1-5-1 |
| 8 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Ramadevi.K.R (Senior Grade Auditor, On 28-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 25-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-7 |
| 10 | കാഷ് പരിശോധന<br>Written By: Geetha K (Auditor, On 26-07-2022)<br>Last Updated By: Geetha K (Auditor, On 26-07-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Geetha K (Auditor, On 30-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.G.Robert (Audit Officer, On 24-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 1-10 |
| 13 | രശീതി പരിശോധന- എല്ലാ തുകകളും നഗരസഭയുടെ അക്കൗണ്ടിലേക്ക് വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 28-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 1-11 |
| 14 | വസ്തുനികുതി പരിഷ്കരണം സമയപരിധി അവസാനിച്ചിട്ടും പൂർത്തിയായില്ല<br>Written By: Geetha K (Auditor, On 28-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 1-12 |
| 15 | വസ്തു നികുതി കുടിശ്ശിക<br>Written By: Geetha K (Auditor, On 30-07-2022)<br>Last Updated By: Geetha K (Auditor, On 30-07-2022) | 1-12-1 |
| 16 | ഒഴിവാക്കലുകൾ നടക്കുന്നില്ല<br>Written By: Geetha K (Auditor, On 30-07-2022)<br>Last Updated By: Geetha K (Auditor, On 30-07-2022) | 1-12-2 |
| 17 | സഞ്ചയ ഡാറ്റയിൽ അപാകത നിലനിൽക്കുന്നു | 1-12-3 |

| | | |
|---|---|---|
| | Written By: Geetha K (Auditor, On 30-07-2022)<br>Last Updated By: Geetha K (Auditor, On 30-07-2022) | |
| 18 | മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 28-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-13 |
| 19 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ കാര്യക്ഷമമല്ല<br>Written By: M.V.Beena (Senior Grade Auditor, On 28-07-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 30-07-2022) | 1-14 |
| 20 | ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല<br>Written By: M.V.Beena (Senior Grade Auditor, On 30-07-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 30-07-2022) | 1-14-1 |
| 21 | നഗരസഭാ പരിധിയിൽ റേഷൻ ഡിപ്പോകൾ, കള്ളുഷാപ്പുകൾ എന്നിവ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: M.V.Beena (Senior Grade Auditor, On 30-07-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 30-07-2022) | 1-14-2 |
| 22 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: M.V.Beena (Senior Grade Auditor, On 30-07-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 30-07-2022) | 1-14-3 |
| 23 | ബിൽഡിങ്ങ് പെർമിറ്റ് - രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: M.V.Beena (Senior Grade Auditor, On 28-07-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 30-07-2022) | 1-15 |
| 24 | കടമുറികളുടെ വാടക പിരിവ് കാര്യക്ഷമമല്ല<br>Written By: M.V.Beena (Senior Grade Auditor, On 28-07-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 30-07-2022) | 1-16 |
| 25 | തൊഴിൽ നികുതി പിരിവിൽ അപാകതകൾ<br>Written By: Geetha K (Auditor, On 30-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 1-17 |
| 26 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-ആവശ്യമായ തുക വകയിരുത്താതെ പ്രോജക്ട് ആവിഷ്കരിച്ചു<br>Written By: M.V.Beena (Senior Grade Auditor, On 28-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 1-18 |
| 27 | അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പദ്ധതി നിർവഹണം- നിർദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 28-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-19 |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം/തുകകളുടെ വിനിയോഗ രേഖകൾ എന്നിവ ലഭ്യമായില്ല<br>Written By: U.Preetha (Audit Officer, On 28-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 1-20 |
| 29 | പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതിയുടെ നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: U.Preetha (Audit Officer, On 28-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 1-21 |
| 30 | പി.എം.എ.വൈ പദ്ധതി - ഗുണഭോക്താക്കൾക്ക് അധിക തുക അനുവദിച്ചു<br>Written By: U.Preetha (Audit Officer, On 29-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 1-22 |
| 31 | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ - എൽ.ഇ.ഡി വിളക്കുകൾക്ക് മുൻഗണന നൽകിയില്ല<br>Written By: U.Preetha (Audit Officer, On 28-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 1-23 |

| | | |
|---|---|---|
| 32 | തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമല്ല<br>Written By: U.Preetha (Audit Officer, On 29-07-2022)<br>Last Updated By: U.Preetha (Audit Officer, On 30-07-2022) | 1-24 |
| 33 | തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി - സുതാര്യമായി നടപ്പിലാക്കേണ്ടതാണ്<br>Written By: U.Preetha (Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-25 |
| 34 | നഗരസഭയിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: U.Preetha (Audit Officer, On 29-07-2022)<br>Last Updated By: U.Preetha (Audit Officer, On 30-07-2022) | 1-26 |
| 35 | കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 25-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 1-27 |
| 36 | AUEGS - ഇറിഗേഷൻ കനാൽ വൃത്തിയാക്കൽ പദ്ധതി- സമ്മതപത്രം ലഭ്യമാക്കിയില്ല<br>Written By: Ramadevi.K.R (Senior Grade Auditor, On 28-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 1-28 |
| 37 | തെരുവുവിളക്കുകൾ സ്ഥാപിക്കൽ<br>Written By: K.G.Robert (Audit Officer, On 29-07-2022)<br>Last Updated By: K.G.Robert (Audit Officer, On 30-07-2022) | 1-29 |
| 38 | കരാറുകാർ ഏറ്റെടുക്കാതിരുന്ന പ്രവൃർത്തികൾ തുടർനടപടികൾ സ്വീകരിച്ചില്ല.<br>Written By: K.G.Robert (Audit Officer, On 29-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 1-30 |
| 39 | NULM പദ്ധതി - തുടർ പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് ഉറപ്പാക്കണം<br>Written By: U.Preetha (Audit Officer, On 30-07-2022)<br>Last Updated By: Kanthaswami.I (Auditor, On 30-07-2022) | 1-31 |
| 40 | സാമൂഹ്യ സുരക്ഷ പെൻഷൻ ഡാറ്റാബേസ് കാലികമാക്കൽ, പെൻഷൻ വിതരണം, മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: U.Preetha (Audit Officer, On 30-07-2022)<br>Last Updated By: Kanthaswami.I (Auditor, On 30-07-2022) | 1-32 |
| 41 | പെൻഷൻ ഫണ്ട് - നിലവിലെ സ്ഥിതി<br>Written By: U.Preetha (Audit Officer, On 30-07-2022)<br>Last Updated By: Kanthaswami.I (Auditor, On 30-07-2022) | 1-33 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പി.എം.എ.വൈ ഭവന പദ്ധതി - ഗുണഭോക്താക്കൾക്ക് അധിക തുക അനുവദിച്ചു<br>Written By: K.G.Robert (Audit Officer, On 30-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.G.Robert (Audit Officer, On 21-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.G.Robert (Audit Officer, On 24-07-2022)<br>Last Updated By: K.G.Robert (Audit Officer, On 24-07-2022) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾ<br>Written By: U.Preetha (Audit Officer, On 29-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: K.G.Robert (Audit Officer, On 24-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: K.G.Robert (Audit Officer, On 24-07-2022)<br>Last Updated By: K.G.Robert (Audit Officer, On 24-07-2022) | 4-5 |
| 6 | വായ്പ/ വായ്പാ തിരിച്ചടവ്<br>Written By: Ramadevi.K.R (Senior Grade Auditor, On 26-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.G.Robert (Audit Officer, On 24-07-2022)<br>Last Updated By: K.G.Robert (Audit Officer, On 24-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: K.G.Robert (Audit Officer, On 21-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 4-8 |
| 9 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം.<br>Written By: K.G.Robert (Audit Officer, On 24-07-2022)<br>Last Updated By: K.G.Robert (Audit Officer, On 24-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.G.Robert (Audit Officer, On 23-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: K.G.Robert (Audit Officer, On 21-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികക്കണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 23/03/2020 തിയ്യതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. സ്ഥാപനം ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 4,91,26,786/- | 60,36,10,600/- | 65,27,37,383/- | 60,62,74,500/- | 4,64,62,883/- |

9/03/2021 തീയതിയിലെ ധനകാര്യ സ്ഥിരം സമിതിയുടെ 1ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. 27-03-2021 ലെ 1ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2020-21 | 31-7-2021 | 30-5-2021 | - | - |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1. ജനറൽ പർപ്പസ് ഗ്രാന്റ്- ACR ലെ ചെലവും വാർഷിക കണക്കിലെ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 1020759 രൂപ വ്യത്യാസം നിലനിൽക്കുന്നു.

2. വാർഷിക കണക്കിൽ AUEGS, NULM, PMAY എന്നിവയ്ക്കായി പ്രത്യേക ഹെഡുകൾ ഇല്ല. ഇവയെല്ലാം Poverty Alleviation Programme എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തി അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആയതിനാൽ ടി പദ്ധതികളുടെ കൃത്യമായ വരവ് ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ നിന്നും ലഭ്യമല്ല.

3. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5- Secured Loans-ൽ 84933333 രൂപയും B-6-Unsecured Loans-ൽ 167700 രൂപയും Liability ഉണ്ട്. ലോൺ വരവ്, വിനിയോഗം, തിരിച്ചടവ്, അടവാക്കാൻ ബാക്കിയുള്ള തുക എന്നിവ ഉൾപ്പെടുത്തി ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. B-6-Unsecured Loans-ലെ 167700 രൂപയുടെ വിശദാംശങ്ങളും ലഭ്യമായില്ല.

4. 2020-21ൽ ഡെപ്പോസിറ്റ് രജിസ്ററർ സൂക്ഷിക്കാത്തതിനാൽ ഈയിനത്തിലെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

5. Beneficiary Contribution ഇനത്തിൽ B4 ഷെഡ്യൂൾ അനുസരിച്ച് നീക്കിയിരിപ്പ് 280646 തുകയുണ്ട്. പദ്ധതികൾ നടപ്പാക്കാത്തപക്ഷം ഗുണഭോക്താക്കൾക്ക് തിരികെ നല്കേണ്ടതായിരുന്നു.

6. രസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ RP-23 Reserves എന്ന ശീർഷകത്തിലാണ് Beneficiary Contribution ചേർത്തിരിക്കുന്നത്. Trial Balance RP - 23 യുടെ ഹെഡിൽ - തൻവർഷം 196154 രൂപയുടെ വരവും ചെലവും ഉണ്ട്. ഇതേ തുകകൾ നീക്കിയിരിപ്പായും ചേർത്തിട്ടുണ്ട്. ഇക്കാര്യം വിശദീകരിച്ചിട്ടില്ല.

7. വരവിനങ്ങളുടെ രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനം ഡിമാന്റ് കളക്ഷൻ ബാലൻസ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32262814 |
| വരവ് | 171770345 |

| | |
|---|---|
| ആകെ | 204033159 |
| ചെലവ് | 175872304 |
| നീക്കിയിരിപ്പ് | 28160855 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 23640484.00 | 23640484.00 | 19332426.00 | 4308058.00 |
| വികസനഫണ്ട് -എസ്.സി.പി (**) | 0 | 10878334.00 | 10878334.00 | 6948803.00 | 3929531.00 |
| വികസനഫണ്ട് -ടി.എസ്.പി (***) | 0 | 394917.00 | 394917.00 | 341667.00 | 53250.00 |
| മെയ്ന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 8208900.00 | 8208900.00 | 8171963.00 | 36937.00 |
| മെയ്ന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 4128814.00 | 4128814..00 | 4004832.00 | 123982.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അടിസ്ഥാന ഗ്രാന്റ് | 0 | 14613137.00 | 14613137.00 | 7620128.00 | 6993009.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 0 | 6220000.00 | 6220000.00 | 2706278.00 | 3513722.00 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 8123335 മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 386666 മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(***) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 13333 മേൽ പട്ടികയിലെ വികസന ഫണ്ട് - TSP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

സംസ്ഥാനാവിഷ്കൃതം- AUEGS

| | |
|---|---|
| മുന്നിരിപ്പ് | 76069.00 |
| AUEGS ഫണ്ട് | 23000000.00 |
| ചെക്ക് | 350.00 |
| പലിശ | 114413.00 |
| ആകെ വരവ് | 2319083.00 |
| അഡ്മിൻ ചെലവ് | 449500.00 |
| തൊഴിലാളികൾക്കുള്ള വേതനം | 18950550.00 |
| ആകെ ചെലവ് | 19400050.00 |
| നീക്കിയിരിപ്പ് | 3790782.00 |

കേന്ദ്രാവിഷ്കൃത പദ്ധതികൾ

NULM

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| NULM | 2090475.00 | 112912.00 | 2203387.00 | 1835285.00 | 368102.00 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 432 | 144635564 | 265 | 85634837 | - | 167 | 61 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 61% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 59% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

## 1-5-1 പദ്ധതി അവലോകനം

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 0 | 1305000 | 0 | 0 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 1000000 | 1000000 | 100 |
| കൃഷി ഓഫീസർ | 7 | 6 | 1388720 | 712134 | 51 |
| സെക്രട്ടറി | 29 | 20 | 28723161 | 20462883 | 71 |
| ഹെഡ് മാസ്റ്റർ-UP | 15 | 5 | 6504162 | 2902661 | 45 |
| വെറ്ററിനറി സർജ്ജൻ | 11 | 10 | 5709800 | 1900468 | 33 |
| പ്രോജക്റ്റ് ഓഫീസർ-ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 9 | 6 | 6970602 | 4381421 | 63 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഓഫീസർ | 7 | 6 | 3873675 | 1240406 | 32 |
| മെഡിക്കൽ ഓഫീസർ-താലൂക്ക് ഹോസ്പിറ്റൽ | 8 | 8 | 5922369 | 5600842 | 95 |
| മുനിസിപ്പൽ എഞ്ചിനിയർ | 336 | 197 | 77574558 | 42554955 | 55 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 5663517 | 4879067 | 86 |
| ആകെ | 432 | 265 | 144635564 | 85634837 | 59 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| | |
|---|---|
| മുന്നിരിപ്പ് | 76069.00 |
| AUEGS ഫണ്ട് | 23000000.00 |
| ചെക്ക് | 350.00 |
| പലിശ | 114413.00 |
| ആകെ വരവ് | 2319083.00 |
| അഡ്മിൻ ചെലവ് | 449500.00 |
| തൊഴിലാളികളുടെ വേതനം | 18950550.00 |
| ആകെ ചെലവ് | 19400050.00 |
| നീക്കിയിരിപ്പ് | 3790782.00 |

## 1-7 ക്ഷേമ പദ്ധതികൾ

വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 147 | 2166800.00 |
| 2 | വിധവാ പെൻഷൻ | 1388 | 21208100.00 |
| 3 | വാർദ്ധക്യകാല പെൻഷൻ | 2116 | 29342100.00 |
| 4 | വികലാംഗപെൻഷൻ | 301 | 4483500.00 |
| 5 | അവിവാഹിത പെൻഷൻ | 82 | 1249200.00 |

## 1-8 കാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-07-2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 68,318/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം സംബന്ധിച്ച അപാകതകളും ഓഡിറ്റിന്റെ അഭിപ്രായവും ചുവടെ കൊടുക്കുന്നു.

ഡെപ്പോസിറ്റ്, വായ്പ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. കേന്ദ്ര ഫണ്ടുകളുടെ വരവ് ചെലവിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇ.ബി യുമായുള്ള സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹിച്ച ഇൻസിനറേറ്റർ വാങ്ങൽ എന്ന പദ്ധതിക്കൊഴികെ മറ്റ് വാങ്ങലുകൾക്കൊന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനട്സ് തയ്യാറാക്കിയിട്ടില്ല. സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. വരവിനങ്ങളുടെ കൃത്യത ഉറപ്പാക്കപ്പെടുന്നില്ല. ഓൺലൈൻ നികുതി വരവുകൾ (UTR നമ്പർ ലഭ്യമാക്കാത്തവ) യഥാസമയം സാംഖ്യയിൽ വരവ് വെയ്ക്കപ്പെടുന്നില്ല. പ്രതിമാസ വസ്തു നികുതി ആകെ തുക എന്നത് ഓൺലൈൻ പേയ്മെന്റുകൾ, മാന്വൽ കളക്ഷൻ, ഫ്രണ്ട് ഓഫീസ് കളക്ഷൻ എന്നിവ ഉൾപ്പെട്ടതായിരിക്കണം. എന്നാൽ ഇത്തരത്തിലുള്ള ഒരു പൊരുത്തപ്പെടുത്തൽ ഒരു ഘട്ടത്തിലും നടത്തുന്നില്ല. പണമാക്കാതെ മടങ്ങുന്ന ചെക്കുകൾക്ക് പകരം പുതിയ ചെക്കുകളോ പണമോ പാർട്ടിയിൽ നിന്ന് ലഭ്യമായിട്ടുണ്ടോ എന്നത് ഉറപ്പാക്കുന്ന തരത്തിലുള്ള രേഖപ്പെടുത്തലുകൾ ചെക്ക് റിസീവ്ഡ് രജിസ്റ്ററിൽ ചേർക്കുന്നില്ല. മുനിസിപ്പൽ പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള മുനിസിപ്പാലിറ്റി(ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ ചട്ടം 3(1) പ്രകാരം മുനിസിപ്പൽ ചെയർമാന്റെയും സെക്രട്ടറിയുടെയും പേരിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. തനത് ഫണ്ടിൽ നിന്നുള്ള തെരുവ് വിളക്കിന്റെ വൈദ്യുതി ചാർജ്ജ് ഒഴികെയുള്ള ആവർത്തനച്ചെലവുകൾ നിയന്ത്രണവിധേയമാണ്. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി ഏതെങ്കിലും ഒരു കൺസൽട്ടിംഗ് ഏജൻസിയെ മാത്രം ഏൽപ്പിക്കുന്നത് ഉചിതമായിരിക്കും. മരാമത്ത് പ്രവർത്തികളുടെ എണ്ണം കുറച്ച് ലക്ഷ്യപ്രാപ്തി കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 20-10-2015 | 1-9-2015 മുതൽ 30-9-2015 വരെ | 18-11-2015 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14-11-2018 മുതൽ 27-11-2018 വരെ | 2013-14 മുതൽ 2016-17 വരെ | 4-1-2019 |

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് പരാമർശങ്ങൾ സംബന്ധിച്ച് റക്ടിഫിക്കേഷൻ

നടപടികൾ നഗരസഭ സ്വീകരിച്ചു വരുന്നുണ്ട്.

## 1-11 രശീതി പരിശോധന- എല്ലാ തുകകളും നഗരസഭയുടെ അക്കൗണ്ടിലേക്ക് വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്

നഗരസഭയുടെ തനത് ഫണ്ട് വരവിനങ്ങൾക്കായി 3 അക്കൗണ്ടുകൾ നിലവിലുണ്ട്.

1. കനറാ ബാങ്ക് അക്കൗണ്ട് നമ്പർ 0847101050580

2. TSB അക്കൗണ്ട് 00074

3. മണ്ണാർക്കാട് റൂറൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് -001001021827

വസ്തുനികുതി, തൊഴിൽ നികുതി, വാടക എന്നിവയുടെ വരവ് ഓൺലൈൻ പേമെന്റായി കനറാ ബാങ്ക് അക്കൗണ്ടിലും ട്രഷറി അക്കൗണ്ടിലും വരവാകുന്നുണ്ടെങ്കിലും സാംഖ്യയിൽ വരവ് വെയ്ക്കുന്നത് UTR നമ്പർ ഹാജരാക്കു മ്പോൾ മാത്രമാണ്. കാഷ്/ചെക്ക്/ഓൺലൈൻ മുഖേനയുള്ള വരവ്(Directly Credited To Bank) എന്നീ വിധത്തിലാണ് ഡേ ബുക്കിൽ വരവായി വരുന്നത്. ഫ്രണ്ട് ഓഫീസ് കാഷ് രജിസ്റ്ററിൽ ക്യാഷായി വരുന്ന വരവും ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചെക്ക് മുഖേനയുള്ള വരവും രേഖപ്പെടുത്തുന്നുണ്ട്.

2022 ഏപ്രിൽ മാസത്തെ വരവ് പ്രത്യേകമായി പരിശോധിച്ചതിൽ ഡേ ബുക്ക് പ്രകാരമുള്ള വരവ്, എന്നാണ് ബാങ്കിൽ വന്നിട്ടുള്ളതെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | ഇനം | തുക |
|---|---|---|---|
| 1 | 7-4-22 | വസ്തു നികുതി | 2457 |
| 2 | 12-04-22 | തൊഴിൽ നികുതി | 8750 |
| 3 | 18-04-22 | വസ്തു നികുതി | 16212 |
| 4 | 19-04-22 | വസ്തു നികുതി | 22733 |
| 5 | 20-04-22 | തൊഴിൽ നികുതി | 36250 |
| 6 | 23-04-22 | വസ്തു നികുതി | 65000 |

ബാങ്ക് അക്കൗണ്ടിൽ ഓൺലൈൻ മുഖേന ക്രെഡിറ്റായ മുഴുവൻ തുകയ്ക്കും ഒരു UTR നമ്പറാണ് നല്കുന്നത്. ഇപ്രകാരം ബാങ്കിൽ ക്രെഡിറ്റാകുന്ന തുക നഗരസഭയിൽ വെവ്വേറെ രശീതികളാക്കുന്നതിനാൽ പ്രസ്തുത രശീതികൾ ബാങ്കിലെ ക്രെഡിറ്റുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചുറപ്പാക്കാനായില്ല.

തനത് ഫണ്ട് വരവിനങ്ങളിലെ തുകകൾ ഓൺലൈൻ ആയോ ബാങ്കിലേക്ക് മറ്റ് സംവിധാനങ്ങൾ മുഖേന നേരിട്ടോ ഒടുക്കുമ്പോൾ അതാത് ഡിമാന്റ് രജിസ്റ്ററുകളിൽ തുക വരവു വയ്ക്കുന്നുണ്ടെന്നും അക്കൗണ്ടിലേക്ക് പണം ലഭ്യമായിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം 9/22-07-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 വസ്തുനികുതി പരിഷ്കരണം സമയപരിധി അവസാനിച്ചിട്ടും പൂർത്തിയായില്ല

നഗരസഭകളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന്റെ പ്രാബല്യ തിയതി 01.04.2016 ആയി പുതുക്കി നിശ്ചയിച്ചുകൊണ്ട് സ.ഉ(സാധാ) നം. 540/2019/തസ്വഭവ തിയതി 06.03.2019 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിലെ ഖണ്ഡിക 7 പ്രകാരം വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കാത്ത എല്ലാ നഗരസഭകളും എല്ലാ കെട്ടിടങ്ങളുടേയും വിവരശേഖരണം, ഫോറം നം.6 ലെ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ നടപടിക്രമങ്ങളും 2019 സെപ്റ്റംബറിനകം പൂർത്തീകരിക്കാൻ നിർദേശിച്ചിരുന്നുവെങ്കിലും ആയത് പൂർത്തീകരിച്ചിട്ടില്ല.

വസ്തുനികുതി നിർണ്ണയത്തിനായി മണ്ണാർക്കാട് നഗരസഭയെ 29 വാർഡുകളാക്കി വിഭജിച്ചിട്ടുണ്ടെങ്കിലും നിലവിൽ 19 വാർഡുകളിലായാണ് വസ്തു നികുതി ഈടാക്കി വരുന്നത്. 2015 സാമ്പത്തിക വർത്തെ ഒന്നാം അർദ്ധ വർഷം മുതൽ പുതുതായി നികുതി നിർണ്ണയം നടത്തുന്ന കെട്ടിടങ്ങൾക്ക് മാത്രമാണ് പുതിയ നിരക്കിലുള്ള നികുതി ഈടാക്കിവരുന്നത്.

01.04.2016 മുതൽ നഗരസഭാ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയ കാലയളവുവരെയുള്ള പഴയ കെട്ടിടങ്ങളുടെ നികുതി, പരിഷ്കരിച്ച നിരക്കിൽ കണക്കാക്കി കുടിശ്ശിക പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് 3.11.2017 ലെ ഓഡിറ്റ് റിപ്പോർട്ട് നം. കെ.എസ്.എ-പികെഡി122/1991/2017 ഖ.2-1-1 ൽ പരാമർശിച്ചിട്ടുള്ളതാണ്.

വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി 4 താത്കാലിക ജീവനക്കാരെ ഒരു വർഷത്തോളം (26.07.2018 മുതൽ 5.11.2019 വരെ) നിയോഗിച്ച് 13 വാർഡുകളിലെ നമ്പറിംഗ് നടപടികൾ

പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 10 എഞ്ചിനീയറിംഗ് ഡിപ്ലോയുള്ളവരെ 6 മാസത്തേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച് മേൽ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

വസ്തുനികുതി പരിഷ്കരണത്തിനു വേണ്ടി തുടങ്ങിയ പ്രവർത്തനങ്ങൾ നാളിതുവരെയായും പൂർത്തികരിച്ചിട്ടില്ല. ഇതിന്റെ പുരോഗതിയും, തീർക്കാൻ ഉദ്ദേശിക്കുന്ന സമയവും ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 27/26-07-2022 ന് നിലവിൽ ദിവസ വേതനാടിസ്ഥാനത്തിൽ 10 ജീവനക്കാർ കെട്ടിട നമ്പറിംഗ് ജോലി ചെയ്തു വരുന്നതായി അറിയിച്ചിട്ടുണ്ട്. ആകെയുള്ള 29 വാർഡുകളിൽ 25 വാർഡുകളുടെ നമ്പറിംഗ് ജോലികൾ പൂർത്തിയാക്കിയതായും ബാക്കിയുള്ള 4 വാർഡുകളുടെ നമ്പറിംഗ് ജോലികളും മുഴുവൻ വാർഡുകളുടെ ഡാറ്റാ എൻട്രിയും 30/09/2022 തീയതിക്കകം പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടു ണ്ട്.

വസ്തു നികുതിയിനത്തിൽ നഗരസഭയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം ഇല്ലാതാക്കുവാൻ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-12-1 വസ്തു നികുതി കുടിശ്ശിക

1) വസ്തു നികുതി കുടിശ്ശിക

വസ്തു നികുതി കുടിശ്ശികയുടെ വിവരം താഴെ ചേർക്കുന്നു.

| | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|
| തൻവർഷം | 4579775 | 12902158 |
| മുൻ വർഷങ്ങളിലെ കുടിശ്ശിക | 12079046 | 28947036 |

വസ്തു നികുതി പരിഷ്കരണം പൂർത്തീകരിക്കാത്തതിനാൽ നികുതിയിനത്തിൽ വൻ നഷ്ടം നഗരസഭയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നു. സഞ്ചയയിലെ കണക്കും സാംഖ്യയിലെ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്നും കണ്ടെത്തി. വ്യത്യാസത്തിനുള്ള കാരണവും വസ്തു നികുതിയിനത്തിൽ കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 32/27-07-2022 നുള്ള മറുപടിയിൽ നഗരസഭയിലെ സഞ്ചയ അപ്ലിക്കേഷനിൽ നിലവിൽ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുള്ളത് 2008 മുതൽ പ്രാബല്യത്തോടെയാണെന്നും സഞ്ചയ വിന്യസിച്ചതിനു ശേഷവും സംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകൾ പരസ്പരം ബന്ധപ്പെടുത്തുന്നതിനു മുമ്പുള്ള കാലത്തെ മുഴുവൻ വസ്തുനികുതിയും പിരിച്ചെടുത്തിരുന്നത് സംഖ്യാ സോഫ്റ്റ്‌വെയർ മുഖേനയാണെന്നും വിട്ടുപോയ തുകകൾകൂടി പിന്നീട് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

നഗരസഭയായതിനു ശേഷമുള്ള കാലഘട്ടത്തിലെ സാംഖ്യ പ്രകാരം പിരിച്ചെടുത്ത നികുതി സംബന്ധിച്ച വിവരങ്ങൾ മുഴുവൻ സഞ്ചയയിൽ പോസ്റ്റിങ് നടത്തിയിട്ടുള്ളതാണ്. മുൻകാലഘട്ടങ്ങളിൽ നികുതി പോസ്റ്റിങ് നടത്തുന്നതിന് കഴിയാതെ പോയതു മൂലമാണ് സഞ്ചയയിൽ മുഴുവൻ കെട്ടിടങ്ങൾക്കും വലിയ തോതിൽ നികുതി കുടിശ്ശികയുള്ളതായി കാണുന്നത്. പോസ്റ്റിങ് നടത്താൻ വിട്ടുപോയ രസീതികൾ മുഴുവനും സഞ്ചയയിൽ പോസ്റ്റിങ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്

വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കാത്തതിനാൽ നികുതിയിനത്തിൽ നഗരസഭയ്ക്ക് വൻ നഷ്ടം ഉണ്ടാകുന്നതിനാൽ ആയത് അടിയന്തിരമായി പൂർത്തിയാക്കേണ്ടതും കൃത്യമായ കുടിശ്ശിക, ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-12-2 ഒഴിവാക്കലുകൾ നടക്കുന്നില്ല

സ.ഉ(എം.എസ്)നം.144/15/തസ്വഭവ തിയതി 27-4-2015, സ.ഉ(എം.എസ്) നം. 358/15/തസ്വഭവ തിയതി 16-12-2015 പ്രകാരം 60m$^2$ ൽ താഴെ മാത്രം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ, വിമുക്ത ഭടന്മാർ നികുതി ഇളവിനായി ഓരോ വർഷവും സമർപ്പിക്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ

ഒഴിവാക്കുന്ന കെട്ടിടങ്ങൾ, പൊളിഞ്ഞ കെട്ടിടങ്ങൾ (Demolished Buildings), വേക്കൻസി റെമിഷൻ നല്കിയ കെട്ടിടങ്ങൾ എന്നിവയുടെ ഒഴിവാക്കൽ സഞ്ചയയിൽ നടത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണം 32/27-07-2022 ന് നികുതി ഒഴിവാക്കലിന് അനുവദിക്കപ്പെട്ടിട്ടുള്ള വിഭാഗങ്ങൾക്ക് നികുതി ഒഴിവാക്കിയ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തി ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഇത്തരത്തിലുള്ള ഒഴിവാക്കപ്പെടേണ്ട കെട്ടിടങ്ങൾ തൊട്ടടുത്ത മാസത്തെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി കമ്മിറ്റി തീരുമാനപ്രകാരം സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

1-12-3 സഞ്ചയ ഡാറ്റയിൽ അപാകത നിലനിൽക്കുന്നു

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാൾ എന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാൾ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉപയോഗ ക്രമം | വിസ്തീർണ്ണം (ച.മീ) | പരിമിത പ്പെടുത്തിയ വസ്തുനികുതി |
|---|---|---|---|---|
| 1 | 7/279 | ഷോപ്പിംഗ് മാൾ | 226 | 236 |
| 2 | 7/282 | ഷോപ്പിംഗ് മാൾ | 266 | 236 |

സഞ്ചയയിൽ ഓരേ ഉപയോഗക്രമമുള്ള വ്യത്യസ്ത വിസ്തീർണ്ണമുള്ള 2 കെട്ടിടങ്ങൾക്ക് ഓരേ നിരക്കിലാണ് വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം 32/27-07-2022 ന് മറുപടി സഞ്ചയയിൽ മാറ്റം വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ അപാകത സഞ്ചയ ഡാറ്റയിൽ തിരുത്തൽ വരുത്തി പരിഹരിച്ച് തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

സഞ്ചയ ഡാറ്റാബേസ് പ്രകാരമുള്ള കണക്കനുസരിച്ച് നഗരസഭാ പരിധിയിലെ 12 മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. അവയിൽ താഴെ പറയുന്ന ടവറുകളുടെ മുൻ വർഷങ്ങളിലെ ഉൾപ്പെടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

| കെട്ടിട നം. | ടവറിന്റെ പേര്/ കെട്ടിട ഉടമയുടെ പേര് | വാർഷിക നികുതി | കുടിശ്ശിക |
|---|---|---|---|
| 3/726 | എസ്. ആർ. ടവർ | 8663.00 | 74067.00 |
| 4/925 | ഇൻഡസ് ടവർ ലിമിറ്റഡ് | 14490.00 | 43470.00 |
| 7/481 | .. | 8505.00 | 25434.00 |
| 8/722 | ഹംസ, തൊട്ടിപ്പറമ്പിൽ | 9450.00 | 75918.00 |
| 8/1162 | എസ്. ആർ. ടവർ | 8663.00 | 71861.00 |
| 13/1272 | വി.ഡി. സുദേവൻ, ജെ. & കോ ചേമ്പേഴ്സ് | 8820.00 | 70560.00 |
| 13/1274 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ | 15750.00 | 129969.00 |
| 14/593 | ഭാരതി ഇൻഫ്ര ടെൽ ലിമിറ്റഡ് | 14175.00 | 125201.00 |
| 14/754 | ഇൻഡസ് ടവർ ലിമിറ്റഡ് | 8805.00 | 24915.00 |

| | | | |
|---|---|---|---|
| 16/323 | എയർ ടെൽ ടവർ<br>ടവർ (ഓണറുടെ പേര് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല) | 9188.00 | 73504.00 |

കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം 21/25-07-2022 ന് ലഭ്യമാക്കിയ മറുപടി ലഭ്യമാക്കിയിട്ടില്ല.

2. സർക്കുലർ നമ്പർ 40395/ആർ.സി.2/2014 തസ്വഭവ തീയതി 19-10-2014 പ്രകാരം മൊബൈൽ ടവറുകളുടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ഡ്രൈവ് നടത്തുവാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിരുന്നു.

അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് സ്പെഷ്യൽ ഡ്രൈവ് നടത്തി നഗരസഭ പരിധിയിൽ ഇത്തരം ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് ക്രമവത്ക്കരിക്കുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനുമുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ കാര്യക്ഷമമല്ല

മണ്ണാർക്കാട് നഗരസഭയിൽ 2020-21 സാമ്പത്തിക വർഷത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തതു സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

### 1-14-1 ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല

2020 ലെ കേരള മുനിസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾ ക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളുടെ മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. ഭേദഗതിക്കു മുമ്പ് വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നും ഓരോ വിഭാഗത്തിനേയും ഉത്പാദനം, സേവനം എന്നിങ്ങനെ വേർതിരിച്ചും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വാർഷിക ഫീസ് ഈടാക്കേണ്ടതാണ്.

| വ്യവസായ സ്ഥാപന ത്തിന്റെ തരം | ചുമത്താവുന്ന വാർഷിക ലൈസൻസ് തുക |
|---|---|
| മൈക്രോ | 500/- |
| മിനി | 1000/- |
| സ്മാൾ | 5000/- |
| മീഡിയം | 10000/- |
| ലാർജ് | 15000/- |

ലൈസൻസ് അപേക്ഷകൾ, ഈടാക്കിയ ലൈസൻസ് ഫീസ് എന്നിവ പരിശോധിച്ചതിൽ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീസാണ് ഈടാക്കിയിരിക്കുന്നത് എന്നതിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധ്യമായിട്ടില്ല. അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ഓരോ സ്ഥാപനത്തിന്റേയും മൂലധന നിക്ഷേപം ഉറപ്പുവരുത്താതെയാണ് മുനിസിപ്പാലിറ്റിയിൽ നിലവിൽ ഫീസ് ഈടാക്കുന്നത്. ലൈസൻസ് അപേക്ഷകളിൽ കൃത്യമായ മൂലധന നിക്ഷേപം ചേർക്കുന്നുവെന്നും ആയതിനനുസരിച്ച് ഫീസ്

ഈടാക്കുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/25.07.2022) സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം ,ലാർജ് എന്നിങ്ങനെ തരംതിരിച്ചാണ് നിരക്ക് ഈടാക്കിയിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-14-2 നഗരസഭാ പരിധിയിൽ റേഷൻ ഡിപ്പോകൾ, കള്ളുഷാപ്പുകൾ എന്നിവ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2011 ലെ കേരള മുനിസിപ്പാലിറ്റി(ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക I, II (നിലവിൽ 2011 ലെ കേരള മുനിസിപ്പാലിറ്റി(വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ) എന്നിവ പ്രകാരം റേഷൻ ഡിപ്പോകൾ, കൺസ്യൂമർ സ്റ്റോർ എന്നിവയും കള്ള് ഷാപ്പുകൾ, വിദേശ മദ്യ ഷാപ്പുകൾ എന്നിവയും ലൈസൻസിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളാണ്. എന്നാൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകൾക്കും വിദേശ മദ്യഷാപ്പുകൾക്കും ലൈസൻസ് അനുവദിച്ചിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ആയത് സൂചിപ്പിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.19 തീയതി 25.07.22) തുടർന്നുവരുന്ന വർഷങ്ങളിൽ ഇത്തരം സ്ഥാപനങ്ങളിൽ പരിശോധന നടത്തി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-14-3 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

വാർഡ് തലത്തിൽ ഡിമാന്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും നഗരസഭയുടെ ലൈസൻസ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഫീൽഡ് പരിശോധന നടത്തി നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വ്യാപാരസ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

1-15 ബിൽഡിങ്ങ് പെർമിറ്റ് - രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2020-21 വർഷത്തെ ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കണ്ടെത്തി.

1. പെർമിറ്റ് അപേക്ഷകളിൽ പലതും വാണിജ്യ കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യാനുള്ളവയാണ്. ഗാർഹികേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ നഗരസഭയുടെ അനുമതിയോടെയാണ് നിർമ്മിക്കപ്പെടുന്നത് എന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികളെടുക്കേണ്ടതാണ്.

2. സമർപ്പിക്കുന്ന പെർമിറ്റ് അപേക്ഷകൾ KMBR 2019-ൽ നിഷ്കർഷിച്ച അളവുള്ള പ്ലാനുകൾ തന്നെയാണ് എന്നും ഇത് പ്രകാരം തന്നെയാണ് കെട്ടിടത്തിന്റെ നിർമ്മാണവും പൂർത്തീകരണവും എന്നും പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

3. പാർക്കിങ്ങ് സംബന്ധിച്ച് വിവരങ്ങൾ പൂർണമായി പ്ളാനിൽ ചേർക്കാതെ വാണിജ്യ കെട്ടിടത്തിനുള്ള പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ( പെർമിറ്റ് നമ്പർ - 290/20-21 , തീയതി - 25.01.21 )
ഉദാ. ശ്രീ. അബു, നമ്പിയത്ത്, പെരുമ്പിടാരി സമർപ്പിച്ച 290/20-21 നമ്പർ പെർമിറ്റ് അപേക്ഷയിൽ 298.73 ചതുരശ്ര മീറ്റർ വാണിജ്യ കെട്ടിടത്തിൽ, മുന്ന് കാറിനുള്ള പാർക്കിങ്ങ് മാത്രമാണ് പ്ലാനിൽ കാണിച്ചിട്ടുള്ളത്. KMBR 2019, Rule 29, Table 10, Sl. No. 6 , പ്രകാരം Group F- Mercantile/ Commercial Commercial Building Exceeding 90 Sq. Metres Of Floor Area Parking Space Required Is 90 Sq. Metres Floor Area For Total Floor Area Upto 1200 Sq. Metres And At The Rate Of 60 Sq.metres For The Additional Floor Area In Excess Of 1200 Sq. Metres എന്നാണ്. ഇതനുസരിച്ച് കാർ പാർക്കിങ്ങ് നാല് എണ്ണം വേണ്ടതാണ്. കൂടാതെ ടൂവീലർ പാർക്കിങ്ങ് ഉൾപ്പെടുത്തിയിട്ടില്ല.
ഓഡിറ്റ് അന്വേഷണം നം. 33 തീയതി 27.07.22 ന് മറുപടി ലഭ്യമായില്ല.

പെർമിറ്റ് അപേക്ഷകൾ സ്വീകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിൽ ജാഗ്രത പാലിക്കേണ്ടതാണ്.

1-16 കടമുറികളുടെ വാടക പിരിവ് കാര്യക്ഷമമല്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ 2020-21 വർഷത്തിലെ വാടക ഈടാക്കിയതുമായി ബന്ധപ്പെട്ടുള്ള രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) നഗരസഭയുടെ ആസ്തിയായുള്ള കടമുറികളുടെ അടിസ്ഥാന വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2020-21 വർഷത്തിലെ വാടക രജിസ്റ്റർ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സുകളിലെ 14 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ മുൻ വർഷത്തിലെ വാടക രജിസ്റ്റർ പ്രകാരം ആകെ കടമുറികളുടെ എണ്ണം 65 ആണ്.

2) 2020-21 വർഷത്തിൽ വാടകയ്ക്ക നൽകിയിട്ടുള്ള കടമുറികളിൽ 2 കടമുറികളുടെ വാടക (ഷോപ്പ് നമ്പർ - 11 , ഷോപ്പ് നമ്പർ - 13) ഈടാക്കിയിട്ടില്ല.

3) ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ വാടകക്ക് നൽകിയ വ്യക്തികളുമായി നഗരസഭ നിയമാനുസൃതമായ കരാറിലേർപ്പെട്ടിട്ടുള്ളതിന്റെ രേഖകൾ പരിശോധന യ്ക്കായി ഹാജരാക്കിയിട്ടില്ല.

4) വാർഷിക കണക്കുകൾ പ്രകാരം തൻവർഷത്തെ കുടിശ്ശിക 14026 രൂപയും മുൻ വർഷങ്ങളിലെ കുടിശ്ശിക 258318 രൂപയും ഉൾപ്പെടെ ആകെ 272344 രൂപ കുടിശ്ശികയുണ്ട്.

5) വാടക രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6) നഗരസഭയുടെ ഒഴിഞ്ഞുകിടക്കുന്ന കടമുറികളിൽ ചില കടമുറികളുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതായി ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു. മേൽ പറഞ്ഞ കടമുറികളിലെ വാടകക്കാരിൽ നിന്നും നിലവിൽ വാടക ഈടാക്കുന്നുണ്ടോ എന്നത് സംബന്ധിച്ചും കേസിന്റെ പുരോഗതി സംബന്ധിച്ചും നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22/26.07.22) മറുപടി ലഭ്യമാക്കിയില്ല. മേൽസൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാടക കുടിശ്ശിക ഈടാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.
കെട്ടിടങ്ങളുടെ പരിപാലനം ഉറപ്പാക്കി എല്ലാ കടമുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 തൊഴിൽ നികുതി പിരിവിൽ അപാകതകൾ

2020-21 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ പരിശോധിച്ചതിൽ നഗരസഭ സൂക്ഷിച്ചു വരുന്ന ഡിമാന്റ് നോട്ടീസ്, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

1) തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കേണ്ടതാണ്

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും 50 സ്ഥാപനങ്ങളുടെ ഒന്നും രണ്ടും അർദ്ധ വർഷത്തെ തൊഴിൽ നികുതിയുടെ വിവരം ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
ഓഡിറ്റ് അന്വേഷണം നം.12/23-07-2022 ന് മറുപടിയായി മണ്ണാർക്കാട് നഗരസഭ 2015 നവംബർ മുതൽ രൂപീകരിക്കപ്പെട്ട് പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും നിലവിലും പഞ്ചായത്ത് ആയിരുന്ന കാലയളവിലെ സ്റ്റാഫ് സ്ട്രെങ്ങ്ത്ത് മാത്രം ഉപയോഗിച്ചാണ് ദൈനം ദിന പ്രവർത്തനങ്ങൾ നടത്തി വരുന്നതെന്നും പഞ്ചായത്തായിരുന്ന കാലഘട്ടത്തിൽ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെയും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായിരുന്ന രേഖകളിൽ നിന്നും സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിൽ നിന്നും കണ്ടെത്തിയ സ്ഥാപനങ്ങളുടെ പേരുവിവരങ്ങളാണ് 2020-21 ലെ തൊഴിൽ

നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും നഗരസഭയിൽ ബിൽ കളക്ടർമാർ ഇല്ലാത്തതിനാൽ ഇത് പൂർണ്ണമായും പരിശോധിച്ച് കുറ്റമറ്റതാക്കാൻ സാധിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്ററിൽ ലൈസൻസ് റദ്ദാക്കിയിട്ടുള്ള സ്ഥാപനങ്ങൾ, കോവിഡ് 19 കാലഘട്ടത്തിൽ തപാൽ മുഖേന അയച്ച നോട്ടീസുകൾ തിരിച്ച് വന്നിട്ടുള്ളതും തുടർന്നുള്ള അർദ്ധ വർഷത്തിൽ ഓഫീസ് അറ്റൻ്റൻ്റുമാർ മുഖേന നേരിട്ട് നോട്ടീസ് വിതരണം ചെയ്തപ്പോൾ ആയവ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതുമായ സ്ഥാപനങ്ങൾ, മുൻ കാലഘട്ടത്തിൽ പ്രവർത്തിച്ചിരുന്നതും പിന്നീട് പ്രവർത്തനം നിർത്തിയതുമായ സ്ഥാപനങ്ങൾ എന്നിവ ചേർത്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. മറ്റൊരു പരിശോധനാ സാധ്യത ഇല്ലാത്തതുകൊണ്ടു മാത്രം ഡിമാൻ്റ് രജിസ്റ്ററിൽ ഉൾപ്പെട്ടതായതിനാൽ മുൻകാല പ്രാബല്യത്തോടെ അത്തരം സ്ഥാപനങ്ങളുടെ നികുതി ഒഴിവാക്കി ഡിമാൻ്റ് പുനഃക്രമീകരിക്കുന്നതിന് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്.

കൗൺസിൽ തീരുമാനത്തിൻ്റെ അടിസ്ഥാനത്തിൽ പ്രവർത്തനരഹിതമായ സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാൻ്റ് രജിസ്റ്ററിൽ നിന്നും ഒഴിവാക്കി കാലികമാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) തൊഴിൽ നികുതി ഡിമാൻ്റ് രജിസ്റ്ററിൽ വരവുകളുടെ ഡി .സി.ബി സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

തൊഴിൽ നികുതി ഡിമാൻ്റ് രജിസ്റ്റർ എംപ്ലോയ്സ്, തൊഴിൽ നികുതി ഡിമാൻ്റ് രജിസ്റ്റർ ട്രെഡേഴ്സ്/ഇൻസ്റ്റിട്യൂഷൻ എന്നിവയിൽ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. തൊഴിൽ നികുതി ഡിമാൻ്റ് രജിസ്റ്ററിൽ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കി വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. നഗരസഭയിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാൻ്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനുള്ള കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണം 12/23-07-2022 ന് മറുപടിയായി ഡി.സി.ബി തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) തൊഴിൽ നികുതി കുടിശ്ശിക ഡിമാൻ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റ് പ്രകാരം ട്രെഡേഴ്സ്/ സ്ഥാപനത്തിൻ്റെ തൊഴിൽ നികുതി കുടിശ്ശികയായി 56174/-രൂപയും തൻവർഷം 978878/- രൂപയും പിരിച്ചെടുക്കാനുണ്ട്. വർഷം തിരിച്ചുള്ള തൊഴിൽ നികുതി കുടിശ്ശിക ഡിമാൻ്റ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണം നം. 12/23-07-2022 ന് 2020-21 വർഷത്തെ തൊഴിൽ നികുതി കുടിശ്ശിക ഡിമാൻ്റ് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-18 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്- ആവശ്യമായ തുക വകയിരുത്താതെ പ്രോജക്ട് ആവിഷ്കരിച്ചു

| | |
|---|---|
| പ്രൊജക്റ്റ് | 243/20-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. |
| അടങ്കൽ | 1500000 ( വികസനഫണ്ട് ) |
| ചെലവ് | 1499300 |
| ബിൽ നം., തീയതി | 5/19.02.21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവൺമെൻ്റ് യു.പി.സ്കൂൾ |

മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 61 വിദ്യാർത്ഥികൾക്ക്

സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

രേഖകൾ പരിശോധിച്ചതിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന 50 വിദ്യാർത്ഥികൾക്ക് 28500 രൂപ വീതം സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളിൽ സ്കോളർഷിപ്പ് നൽകിയതിൽ ചിലവർക്ക് സ.ഉ(എം.എസ്)നം.22/2018/തസ്വഭവ തീയ്യതി 14-2-2018 പ്രകാരമുള്ള സബ്സിഡി മാർഗരേഖ മുഖേന അനുവദനീയ നിരക്കിലും കുറഞ്ഞ നിരക്കിൽ ആനുകൂല്യം നൽകിയിട്ടുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | സ്റ്റാന്റേർഡ് | അർഹമായ തുക | നൽകിയ തുക | വ്യത്യാസം |
|---|---|---|---|---|
| ഫാത്തിമഷഹാന | 8th | 6600 | 5300 | 1300 |
| അർച്ചന.കെ | 10th | 8000 | 6600 | 1400 |
| അമൽ.കെ.പി | Bsc-Physics | 13000 | 6600 | 6400 |

മേൽ വിഷയത്തിൽ വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.08 തീയതി 22.07.22) ഫണ്ടിന്റെ പരിമിതി കാരണം ലഭ്യമായ തുക പ്രായോഗികമായി ലഭ്യമായ അപേക്ഷകർക്ക് നൽകുകയാണ് ചെയ്തിട്ടുള്ളതെന്നും വരും വർഷത്തിൽ കൂടുതൽ തുക നീക്കി വെക്കുന്നതിനുള്ള ആവശ്യം അധികൃതരെ അറിയിച്ചിട്ടുണ്ട് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അർഹമായ സ്കോളർഷിപ്പ് തുക വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-19 അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പദ്ധതി നിർവഹണം- നിർദേശങ്ങൾ പാലിക്കേണ്ടതാണ്

2020-21 ൽ മെഡിക്കൽ ഓഫീസർ (താലൂക്കാശുപത്രി) രണ്ട് പദ്ധതികൾ സിഡ്കോ മുഖേന നടപ്പാക്കിയിട്ടുണ്ട്. പ്രോജക്റ്റുകളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ്- 418/21 - താലൂക്കാശുപത്രി റൂഫിങ്ങ്, ഇരിപ്പിടം തയ്യാറാക്കൽ മറ്റ് അനുബന്ധ ജോലികൾ | അടങ്കൽ-836237.00<br>(വികസന ഫണ്ട്- ജനറൽ) |
| ചെലവ്- 836237.00 | നിർവഹണം- മെഡിക്കൽ ഓഫീസർ, താലൂക്കാശുപത്രി, മണ്ണാർക്കാട് |
| ബിൽ നം.<br>1. 16/25.9.2020-495040<br>2. 18/12.10.2020- 341197 | ഇൻവോയ്സ് നം-<br>1. PKD/20-21/72, 18.8.20-495040<br>2. PKD/20-21/71, 18.8.20-341197 |
| എഗ്രിമെന്റ്- ലഭ്യമല്ല | നിർവഹണ ഏജൻസി - SIDCO |

| | |
|---|---|
| പ്രോജക്റ്റ്- 419/21 - താലൂക്കാശുപത്രി ബ്ലഡ് ബാങ്ക് കെട്ടിടം റൂഫിങ്ങ് | അടങ്കൽ-982778<br>(മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |

| | |
|---|---|
| ചെലവ്- 982778.00 | നിർവഹണം-മെഡിക്കൽ ഓഫീസർ, താലൂക്കാശുപത്രി , മണ്ണാർക്കാട് |
| ബിൽ നം-<br>1. 15/25.9.2020-493617<br>2. 17/30.09.2020- 489161 | ഇൻവോയ്സ് നം.-<br>1. PKD/20-21/69, 18.8.20-493617<br>2. PKD/20-21/70, 18.8.20-489161 |
| എഗ്രിമെന്റ്- ലഭ്യമല്ല | നിർവഹണ ഏജൻസി - SIDCO |

സ്റ്റീൽ, മരം ഫർണീച്ചർ, ആശുപത്രി ഫർണീച്ചർ എന്നിവ (അംഗീകൃത റേറ്റ് കോൺട്രാക്റ്റ് പ്രകാരമുള്ളവ) ടെണ്ടർ കൂടാതെ സപ്ലൈ ചെയ്യുന്നതിന് SIDCO യ്ക്ക് സ്റ്റോർസ് പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ അംഗീകാരമുണ്ട്. താലൂക്കാശുപത്രിയിൽ SIDCO റൂഫിങ്ങ് പ്രവർത്തികളാണ് ചെയ്തിരിക്കുന്നത്. ടെണ്ടർ പോലുള്ള നടപടികൾ ഇല്ലാതെ നേരിട്ടാണ് റൂഫിങ്ങ് പ്രവർത്തികൾ നടപ്പാക്കിയിരിക്കുന്നത്. സിഡ്കോയെ നേരിട്ട് റൂഫിങ്ങ് പ്രവർത്തികൾ ഏൽപ്പിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾക്കായി സിഡ്കോയെ നിർവഹണ ഏജൻസിയായി തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, പദ്ധതി നിർവഹണത്തിനായി SIDCO യുമായി ചമച്ച കരാർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. (എൻക്വയറി നം17/25-7-22)

4-07-2019-ലെ സ.ഉ(പി)നം. 77/2019/ഫിൻ ഉത്തരവിന്റെ അനുബന്ധം ക്രമ നം. 15 പ്രകാരം ജനറൽ സിവിൽ നിർമാണ പ്രവൃത്തികളുടെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് SIDCO എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി യെ തെരഞ്ഞെടുക്കുന്നതിന് ബിഡിംഗ് ആവശ്യമാണ്. തുടർന്ന് പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 11 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും വ്യത്യസ്തമായി PMC യെ ബിഡിംഗ് കൂടാതെ തെരഞ്ഞെടുത്തതും പി.എം.സി പ്രവൃത്തി നേരിട്ട് നടപ്പാക്കിയതും ക്രമപ്രകാരമല്ല.

ഈ അപാകങ്ങളെക്കുറിച്ച് നല്കിയ എൻക്വയറിയ്ക്കുള്ള മറുപടിയിൽ കോവിഡ് കാലത്തെ അടിയന്തിര സാഹചര്യം കണക്കിലെടുത്തും ടെണ്ടർ നടപടികൾക്ക് ഉണ്ടാവുന്ന കാലതാമസം ഒഴിവാക്കുന്നതിനും അവശ്യം ചെയ്യേണ്ടുന്ന പ്രവർത്തിയായതിനാലുമാണ് SIDCO യെ പ്രവർത്തികൾ ഏൽപ്പിച്ചത് എന്നും മെഡിക്കൽ ഓഫീസർ അറിയിച്ചു.4-07-2019-ലെ സ.ഉ(പി)നം. 77/2019/ഫിൻ ഉത്തരവിലെ ഖണ്ഡിക നം മൂന്ന് പ്രകാരമാണ് ഇപ്രകാരം ചെയ്തത് എന്നറിയിച്ചിട്ടുണ്ട്.മറുപടിയിൽ സൂചിപ്പിച്ച കാര്യങ്ങൾ ഫർണീഷിങ്ങ് പ്രവർത്തികളെക്കുറിച്ചാണ്, ഇത് പ്രകാരം റൂഫിങ്ങ് പ്രവർത്തി നടപ്പാക്കിയത് ക്രമവിരുദ്ധമാണ്.

ഓഡിറ്റ് നിർദേശം

സ്ഥാപനങ്ങളുടെ അർഹത, തെരഞ്ഞെടുപ്പ് രീതി എന്നിവയിൽ സർക്കാർ നിർദേശം പാലിക്കേണ്ടതാണ് . സ്ഥാപനങ്ങളുടെ അർഹത പരിഗണിച്ച് മാത്രം നേരിട്ടുള്ള വാങ്ങലുകൾ/നിർവഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം/തുകകളുടെ വിനിയോഗ രേഖകൾ എന്നിവ ലഭ്യമായില്ല

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, തുകകളുടെ വിനിയോഗ വിവരം എന്നിവ ലഭ്യമായിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ട് | അടങ്കൽ | ബിൽ നം./ തീയതി | ഡെപ്പോസിറ്റ് തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|---|
| 1 | 408 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 100000 | 42/ 8.03.21 | 99964 | അസി. എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി, മണ്ണാർക്കാട് |
| 2 | 409 (ജനറൽ) | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടലും, മാറ്റലും | 450000 | 38/ 25.02.21 | 450000 | എക്സി. എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, ഷൊർണ്ണൂർ |
| 3 | 413 (എസ്.സി.പി) | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടലും, മാറ്റലും | 450000 | 41/ 3.03.21 | 450000 | ടി |

ഓഡിറ്റ് അന്വേഷണം നം. 4/25.07.22 ന് മറുപടി ലഭ്യമായില്ല.

ക്രമ നമ്പർ 1 പ്രകാരമുള്ള ഫയൽ പരിശോധിച്ചതിൽ നഗരസഭ കെ.എസ്.ഇ.ബി യുമായി കരാർ വെച്ച് കാണുന്നില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ അതാത് ഏജൻസികളുമായി കരാറിലേർപ്പെടേണ്ടതാണ്.

മേൽ പദ്ധതികളുടെ വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-21 പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതിയുടെ നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്

പി.എം.എ.വൈ. പദ്ധതി പ്രകാരം 2020-21 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വികസന ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നം./ പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| 262/21: പി.എം.എ. വൈ. പദ്ധതി (എസ്.സി) | വികസന ഫണ്ട് (ജനറൽ) | 4514314 | 3789314 |
| 263/21 പി.എം.എ.വൈ പദ്ധതി (എസ്.ടി) | വികസന ഫണ്ട് (എസ്.സി. പി) | 341667 | 219771 |
| ആകെ | | | 4,009,085 |

മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരമുള്ള തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ച് പി. എം. എ. വൈ പദ്ധതിക്കായുള്ള ബാങ്ക് അക്കൗണ്ടിൽ ബാങ്ക് ഓഫ് ബറോഡയിലുള്ള അക്കൗണ്ട് നം. 10466 (5333) നിക്ഷേപിച്ചാണ് ചെലവുകൾ നടത്തുന്നത്.

- പദ്ധതി ഫണ്ട് ഒഴികെ 2020-21 വർഷത്തിൽ സംസ്ഥാനാവിഷ്കൃതം, കേന്ദ്ര വിഹിതം, ലോൺ വിഹിതം എന്നിങ്ങനെ മറ്റ് ഫണ്ടുകളുടെ വരവ്-ചെലവ് വിവരം ഉൾക്കൊള്ളിക്കുന്നതിന് സാംഖ്യയിൽ ഹെഡ്ഡുകൾ നിലവിലില്ലാത്തതിനാൽ പദ്ധതിയുടെ ചെലവുകൾ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് സ്റ്റേറ്റ്മെന്റിലും(സുലേഖ) പദ്ധതി വിഹിതത്തിൽ നിന്നുള്ള ചെലവുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനാവിഷ്കൃതം, കേന്ദ്രവിഹിതം, ലോൺ വിഹിതം എന്നിവ പദ്ധതിച്ചെലവിൽ ഉൾപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. വാർഷിക കണക്കിലെ രേഖപ്പെടുത്തൽ പ്രകാരം ഹൗസിംഗ് ഗ്രാന്റ് (ഹെഡ് കോഡ്-250501607) ചെലവ് തുക 30360000 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.
- പദ്ധതി ഫണ്ട് ഒഴികെ 2020-21 വർഷത്തിൽ സംസ്ഥാനാവിഷ്കൃതം, കേന്ദ്രവിഹിതം, ലോൺ വിഹിതം എന്നിങ്ങനെ മറ്റ് ഫണ്ടുകളുടെ വരവ്- ചെലവ് വിവരം വ്യക്തമാകുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പി എം എ വൈ ഭവന പദ്ധതിയുടെ ആകെ വരവ്, ചെലവിന്റെ കൃത്യത വാർഷിക കണക്കിൽ നിന്ന് ഉറപ്പുവരുത്തുവാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്.

മേൽ വിഷയത്തിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/25.07.22) രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

<u>പദ്ധതി നടത്തിപ്പ് – പുരോഗതി</u>

1. പി. എം. എ. വൈ ഭവന പദ്ധതി പ്രകാരം 2020-21 വരെ ആകെയുള്ള ഗുണഭോക്താക്കളുടെ എണ്ണം താഴെ ചേർക്കുന്നു.

| വിഭാഗം | എണ്ണം | ആനുകൂല്യം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| ജനറൽ | 779 | 683 |
| എസ്.സി | 86 | 74 |
| എസ്.ടി | 3 | 2 |
| ആകെ | 868 | 759 |

2. വിവിധ ഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ എണ്ണം - 243

3. ഒരു ഗഡു മാത്രം കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ വിവരം | കൈമാറിയ ആദ്യ ഗഡു | തീയതി |
|---|---|---|---|
| 1 | വിജയ പി.കെ, ശിവൻകുന്ന് | 25000 | 21.07.2017 |
| 2 | രാജൻ.കെ, ശിവൻകുന്ന് | 25000 | 4.08.2018 |

| | | | |
|---|---|---|---|
| 3 | അമ്മാളു, തെന്നാരി | 25000 | 4.08.2018 |
| 4 | പ്രീത, അണ്ടിപ്പാടം | 25000 | 24.11.2018 |
| 5 | സുഭദ്ര, നായാടിക്കുന്ന് | 25000 | 4.08.2018 |
| 6 | വിജയ ലക്ഷ്മി, പൂക്കുന്ന് കോളനി | 25000 | 4.08.2018 |
| 7 | സുമതി, കാരക്കപള്ളി യാലിൽ | 25000 | 6.10.2018 |
| 8 | കാളി, മുണ്ടേക്കരാട് | 40000 | 13.02.2020 |
| | ആകെ | 220000 | |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അനുവദിച്ച തുകകൾ എഗ്രിമെന്റ് വ്യവസ്ഥകളനുസരിച്ച് തിരികെ ഈടാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-22 പി.എം.എ.വൈ പദ്ധതി - ഗുണഭോക്താക്കൾക്ക് അധിക തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പി.എം.എ.വൈ ഭവന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ അവസാന ഗഡു കൈപ്പറ്റിയ രണ്ട് ഗുണഭോക്താക്കൾക്ക് തുക അധികം അനുവദിച്ചിട്ടുള്ളായി രേഖകളുടെ പരിശോധനയിൽ കണ്ടെത്തി.

സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.18 പ്രകാരം പുറപ്പെടു വിച്ച സബ്സിഡി-ധനസഹായ മാർഗ്ഗരേഖ രേഖയിലെ ഖ.7.9 പ്രകാരം ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയാണ് പരമാവധി ധനസഹായം അനുവദിക്കാവുന്നത്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അധിക തുക അനുവദിച്ചിട്ടുണ്ട്.

| ഡിപിആർ നം. | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | അനുവദിച്ച തുക | തീയതി | അധികം അനുവദിച്ചത് |
|---|---|---|---|---|---|
| 2/109 | ജാനകി.വി.എസ് സുബ്രഹ്മണ്യൻ, വട്ടപ്പറമ്പിൽ, തെന്നാരി | 3342635 7679 | 475000 | 08.06.20 | 75000 |

| | | | | | |
|---|---|---|---|---|---|
| 2/356 | സരസ്വതി.എം പി.പഴനിയപ്പൻ, കോയക്കോട്ടിൽ, പെരുമ്പടാരി | 202601231 000296 | 450000 | 15.10.20 | 50000 |

അധികം അനുവദിച്ച ആകെ തുക – 125000/-രൂപ

(ഖണ്ഡിക 3-1 ൽ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്).

1-23 വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ - എൽ.ഇ.ഡി വിളക്കുകൾക്ക് മുൻഗണന നൽകിയില്ല

പ്രൊജക്റ്റ് നം - 7/21

നിർവ്വഹണം - സെക്രട്ടറി

| | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് | 911000 | 911000 |
| തനത് ഫണ്ട് | 1000 | 856 |

മേൽ പദ്ധതി പ്രകാരം നഗരസഭയിലെ 29 വാർഡുകളിൽ സ്ഥാപിക്കുന്നതിനായി 471 എണ്ണം ഫ്ലൂറസന്റ് ട്യൂബ് സെറ്റുകൾ ഉഷ ഇലക്ട്രോണിക്സ്, കുറ്റനാടിൽ നിന്നും താഴെ പറയും പ്രകാരം പർച്ചേസ് ചെയ്തിട്ടുണ്ട്.

| ബിൽ നം./ തീയതി | തുക | ഇൻവോയ്സ് നം./ തീയതി |
|---|---|---|
| 3/20.05.20 | 532400 | UES/1920/30339 /12.02.20 |
| 37/15.02.21 | 378600 | UES/1920/30354 /19.02.20 |

സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.18 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖ.7.9.2 പ്രകാരം എൽ.ഇ.ഡി ലാമ്പുകൾ മറ്റ് ലാമ്പുകളെ അപേക്ഷിച്ച് ആയുസ്സ് കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തവയുമായതിനാൽ തെരുവ് വിളക്കിന് എൽ.ഇ.ഡി ലാമ്പുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ താഴെ പറയുന്ന ഉത്തരവുകൾ പ്രകാരം കൂടുതൽ വൈദ്യുതി ഉപഭോഗമുള്ള പരമ്പരാഗത ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനാണ് മുൻഗണന നൽകേണ്ടത്.

1. സ.ഉ(കൈ)നം.202/2020/ത.സ്വ.ഭ.വ തീയതി 25.12.2020 – നിലാവ് പദ്ധതി- പരമ്പരാഗത തെരുവ് വിളക്കുകൾക്ക് പകരം എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കൽ

2. സ.ഉ(കൈ)നം.169/2021/ത.സ്വ.ഭ.വ തീയതി 6.08.2021 – നിലാവ് പദ്ധതി- പുതുക്കിയ പാക്കേജ്

മേൽ പദ്ധതി പ്രകാരം ട്യൂബ് സെറ്റുകൾ സ്ഥാപിച്ചതിന്റെ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/25.07.22) സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

നിലാവ് പദ്ധതിയിൽ നിലവിലുള്ള പാക്കേജ് ഒഴിവാക്കി പകരം 35W, 70W, 110W എൽ.ഇ.ഡി ലാമ്പുകൾ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ പാക്കേജിന് അനുമതി ലഭ്യമാക്കുന്നതിനായി ബഹു.സർക്കാരിലേക്ക് ശുപാർശ ചെയ്യുവാനും, സർക്കാരിൽ നിന്ന് മറുപടി ലഭ്യമാകുന്നതുവരെ നിലാവ് പദ്ധതിയുടെ പ്രവൃത്തികൾ നിർത്തിവെയ്ക്കാനും 15.06.21 ലെ നഗരസഭാ കൗൺസിലിന്റെ 20-ാം നമ്പർ തീരുമാന പ്രകാരം തീരുമാനമായിട്ടുള്ളതാണ്. ശുപാർശക്ക് നാളിതുവരെയായി മറുപടി ലഭ്യമായിട്ടില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തെരുവു വിളക്കുകൾ വാങ്ങുന്ന സംഗതിയിൽ 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ GeM മുഖേന നടത്തുവാൻ മുൻഗണന നൽകേണ്ടതാണ്.

1-24 തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമല്ല

നഗരസഭയിലെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ചെലവുകളുടെ രേഖകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പരാമർശങ്ങളിന്മേൽ അടിയന്തിര നടപടികൾ ആവശ്യപ്പെടുന്നു.

1. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ നഗരസഭയിൽ ഇല്ല.

മണ്ണാർക്കാട്, കുമരംപുത്തൂർ എന്നീ രണ്ട് ഇലക്ട്രിക് സെക്ഷനുകളിലായാണ് നഗരസഭയിലെ തെരുവ് വിളക്കുകൾ സ്ഥിതിചെയ്യുന്നത്. നഗരസഭയിൽ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നത് സംബന്ധിച്ച് കൃത്യമായ കണക്ക് നിലവില്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നീ വിവരങ്ങൾ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കെ.എസ്.ഇ.ബി യുടെ കണക്ക് പ്രകാരം മണ്ണാർക്കാട് സെക്ഷനു കീഴിലെ കൺസ്യൂമർ നമ്പർ 1165206021972നു കീഴിലുള്ള തെരുവ് വിളക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വിളക്കുകളുടെ തരം | എണ്ണം |
|---|---|
| എൽ ഇ ഡി 1x24 | 120 |
| സി എഫ് എൽ 1x11 | 250 |
| ഓർഡിനറി ബൾബ് 1x40 W | 84 |
| സോഡിയം വേപ്പർ ലാമ്പ് | 218 |
| സി എഫ് എൽ 2x11 | 42 |
| ഫ്ലൂറസെന്റ് ട്യൂബ് 2x40 | 2505 |

2. സംയുക്ത പരിശോധന നടത്തിയിട്ടില്ല

തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കുന്നതിന് നഗരസഭയും കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. മേൽ പ്രകാരമുള്ള കെ.എസ്.ഇ.ബി ഡിമാന്റിൽ ഉൾപ്പെടുന്ന വിളക്കുകളിൽ പ്രവർത്തിക്കാത്ത വിളക്കുകൾക്ക് വൈദ്യുതചാർജ്ജ് അടാവാക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി അടിയന്തിരമായി സംയുക്തപരിശോധന നടത്തേണ്ടത് അനിവാര്യമാണ്.

3. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

മണ്ണാർക്കാട് സെക്ഷനിലെ 1165206021972 എന്ന കൺസ്യൂമർ നമ്പറിനുകീഴിലുള്ള വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല. കെ എസ് ഇ ബി യിൽ നിന്നും ഈ കൺസ്യൂമർ നമ്പറിനു കീഴിലെ വിളക്കുകൾക്ക് നിരക്ക് നിശ്ചയിച്ചതിന്റെ രേഖകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

4. വൈദ്യുതി ചാർജിന്റെ വിവരം

പ്രതിമാസ വൈദ്യുത ചാർജ്ജ് അഞ്ച് ലക്ഷത്തിനും മുകളിലാണ് നഗരസഭ ഒടുക്കുന്നത്. (ഫയൽ നം. എ1/14773)

എ) മണ്ണാർക്കാട് സെക്ഷൻ

3/21ലെ വൈദ്യുത ചാർജ്-561310/-രൂപ

28 ഇതര കണക്ഷനുകൾ - 44227/-(ഫയൽനം.എ1/14398/17)

ബി) കുമരംപുത്തൂർ സെക്ഷൻ -കൺസ്യൂമർ നം1167427019947, 1167429021921 (ഫയൽനം.എ1/14398/17)

പ്രതിമാസ വൈദ്യുതി ചാർജ്ജ്- 6550/-

2020-21 വർഷത്തിൽ മണ്ണാർക്കാട് സെക്ഷനിൽ ആകെ അടവാക്കിയ വൈദ്യുതചാർജ്ജ് 6311173/-രൂപയാണ്. നഗരസഭയിൽ നിലവിലുള്ളത് ഭൂരിഭാഗവും ട്യൂബ്ലൈറ്റുകൾ ആയതിനാലാണ് തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഉയർന്നിരിക്കുന്നത്.

16.06.20ലെ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ 1- ാം നമ്പർ തീരുമാനം പ്രകാരം നഗരസഭയുടെ ചെലവ് ചുരുക്കലിന്റെ ഭാഗമായി സംയുക്ത പരിശോധന നടത്തുന്നതിനും, വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് ട്രാൻസ്ഫോർമർ തിരിച്ച് മീറ്റർ സ്ഥാപിക്കുന്നതിനും വേണ്ട നടപടികൾ

സ്വീകരിക്കുന്നതിന് നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉപയോഗയോഗ്യമായ വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിനും, മീറ്ററിങ്ങ് നടപ്പിലാക്കുന്നതിനുമായി 23.04.20, 23.06.20, 6.12.21 തീയതികളിൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, മണ്ണാർക്കാടിന് നഗരസഭയിൽ നിന്നും കത്തുകൾ നൽകിയിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബി സംയുക്ത പരിശോധനക്ക് മുന്നോട്ട് വന്നിട്ടില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത വിഷയം ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾ കൈക്കൊള്ളേണ്ടതാണ്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അനുകരണീയ മാതൃക

നഗരസഭയിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറയ്ക്കുന്നതിന്റെ ഭാഗമായി കുന്തിപ്പുഴ മുതൽ നെല്ലിപ്പുഴ വരെയുള്ള നാഷണൽ ഹൈവേയുടെ ഇരുഭാഗത്തും സ്വകാര്യ സംരംഭകരുമായി സഹകരിച്ച് നഗരസഭയ്ക്ക് സാമ്പത്തിക ബാധ്യത വരാത്തവിധം തെരുവ് വിളക്കുകൾ സ്ഥാപിച്ച് ആയതിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ നഗരസഭയ്ക്ക് സാമ്പത്തിക ലാഭം ഉണ്ടാകുന്നതാണ്.

1-25 തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി - സുതാര്യമായി നടപ്പിലാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - നഗരസഭാ സെക്രട്ടറി

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ നിർവ്വഹിച്ച തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണികൾക്കുള്ള പദ്ധതികൾ താഴെ ചേർക്കുന്നു.

<table>
<tr><th>പ്രൊജക്റ്റ്</th><th>അടങ്കൽ</th><th>ചെലവ് തുക</th><th>ബിൽനം.</th></tr>
<tr><td rowspan="5">S05/21- തെരുവ് വിളക്ക് റിപ്പയർ</td><td rowspan="5">1600000.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)</td><td>462640.00</td><td>1/20.05.20</td></tr>
<tr><td>472590.00</td><td>2/20.05.20</td></tr>
<tr><td>255650.00</td><td>27/24.11.20</td></tr>
<tr><td>409120.00</td><td>26/24.11.20</td></tr>
<tr><td>ആകെ - 1600000.00</td><td></td></tr>
<tr><td rowspan="3">264/21- തെരുവ് വിളക്ക് റിപ്പയർ</td><td rowspan="3">1500000.00 (വികസന ഫണ്ട്- ജനറൽ)</td><td>678975.00</td><td>48/27.03.21</td></tr>
<tr><td>523950.00</td><td>49/31.03.21</td></tr>
<tr><td>ആകെ-1202925.00</td><td></td></tr>
</table>

2020-21 വർഷത്തെ പദ്ധതിക്കു പുറമെ 2019-20 വർഷത്തെ പദ്ധതി സ്പിൽ ഓവറായും നടപ്പിലാക്കിയിട്ടുണ്ട്. രണ്ട് പദ്ധതികളും ടെണ്ടർ മുഖേന ശ്രീ. മണികണ്ഠൻ.സി, എം.കെ ഡീസൽസ് & ഇലക്ട്രിക്കൽസ് എന്ന വ്യക്തിക്കാണ് കരാർ നൽകിയിട്ടുള്ളത്. സ്പിൽ ഓവർ പദ്ധതി പ്രകാരം 2019/ഡിസംബർ മുതൽ 2020/ ജൂലൈ വരെയും, തൻ വർഷത്തെ പദ്ധതി പ്രകാരം 2020/സെപ്റ്റംബർ മുതൽ 2021/മാർച്ച് വരെയും ഉള്ള കാലയളവിലെ അറ്റകുറ്റപണികൾക്കാണ് തുകകൾ അനുവദിച്ചിട്ടുള്ളത്.

പദ്ധതികൾ നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. നഗരസഭയിൽ തെരുവ് വിളക്കുകൾ സംബന്ധമായ സ്ഥിതി വിവരങ്ങൾ കെ.എസ്.ഇ.ബി യുമായുള്ള സംയുക് തപരിശോധനയുടെ അടിസ്ഥാനത്തിൽ കാലികമാക്കിയിട്ടില്ല.

2. പദ്ധതിക്കൾക്കായി ടെണ്ടർ ക്ഷണിച്ചിരിക്കുന്നത് ഓരോ വിളക്കിനും പ്രത്യേക നിരക്ക് രേഖപ്പെടുത്തുന്ന രീതിയിൽ ആണ്. ഇതനുസരിച്ച് കരാറുകാരൻ നന്നാക്കിയ തെരുവ് വിളക്കുകളുടെ എണ്ണത്തിനനുസൃതമായാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ എന്തൊക്കെ പ്രവൃത്തികളാണ് ചെയ്തത്, ഏതൊക്കെ സാധന സാമഗ്രികളാണ് മാറ്റി സ്ഥാപിച്ചത് തുടങ്ങിയ വിവരങ്ങൾക്ക് കരാറുകാരൻ ബില്ലുകൾ സമർപ്പിച്ചിട്ടില്ല.

3. നീക്കം ചെയ്ത സാധന സാമഗ്രികൾ തിരിച്ചേൽപ്പിക്കുന്നത് സംബന്ധിച്ച് എഗ്രിമെന്റിൽ ഒരു നിബന്ധനയും ചേർത്തിട്ടില്ല. കേടായ തെരുവ് വിളക്കുകൾ മാറ്റിയത് നഗരസഭയിൽ തിരിച്ചേൽപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആയതിന്റെ സ്റ്റോക്ക് രജിസ്റ്ററോ മറ്റ് ഫയലുകളോ

ലഭ്യമാക്കിയിട്ടില്ല.

4. കരാറുകാരനുമായുള്ള എഗ്രിമെന്റിൽ കേടുവന്ന തെരുവ് വിളക്കുകളുടെ വിശദാംശങ്ങളടങ്ങിയ പരാതി രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നഗരസഭയിലും സമാനമായ പരാതി രജിസ്റ്റർ സൂക്ഷിക്കണം എന്നും എല്ലാ ദിവസവും കരാറുകാരൻ രജിസ്റ്റർ പരിശോധിച്ച് തെരുവ് വിളക്കുകളുടെ കേടുപാടുകൾ തീർക്കണമെന്നും പരാതികൾ പരിഹരിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5. വാർഡ് മെമ്പർമാർ നൽകുന്ന സാക്ഷ്യപത്രത്തിൽ വാർഡിലെ ഇത്ര എണ്ണം തെരുവ് വിളക്കുകളുടെ തകരാറുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാക്ഷ്യപത്രം അല്ലാതെ മറ്റൊരു തെളിവും കരാറുകാരൻ പ്രവൃത്തി തൃപ്തികരമായി നിർവ്വഹിക്കുന്നുണ്ടോ ഇല്ലയോ എന്ന് വ്യക്തമാക്കുന്ന വിധത്തിൽ സൂക്ഷിച്ചിട്ടില്ല.

തെരുവ് വിളക്കുകളുടെ സ്ഥിതിവിവരങ്ങൾ കാലികമാക്കുന്നതിനും ആയതനുസരിച്ച് ഓരോ വിളക്കിനും കൃത്യമായ നിരക്കുകൾ രേഖപ്പെടുത്തി ടെണ്ടർ നടപടികൾ സ്വീകരിച്ച് കൃത്യമായ ബില്ലുകളുടെ അടിസ്ഥാനത്തിൽ റിപ്പയർ പ്രവൃത്തികൾ നടത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. കരാർ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

1-26 നഗരസഭയിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

പദ്ധതി ഫയൽ നമ്പർ PH1-15790/19, ഓഡിറ്റ് അന്വേഷണം നം. 15/26.07.22 ന് സമർപ്പിച്ച മറുപടി എന്നിവയുടെ അടിസ്ഥാനത്തിൽ നഗരസഭയിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനാവലോകനം താഴെ ചേർക്കുന്നു.

1. ഹരിത കർമ്മസേനയുടെ രൂപീകരണം

സ.ഉ(സാധാ)നം.2420/2017/ത.സ്വ.ഭ.വ തീയതി. 15.07.17പ്രകാരം നഗരസഭയിൽ 20.01.2020 ൽ ഹരിത കർമ്മസേന രൂപീകരിച്ചു. തുടങ്ങിയ സമയം 58 അംഗങ്ങൾ ഉണ്ടായിരുന്നെങ്കിലും നിലവിൽ 26പേരാണുള്ളത്.

2. കർമ്മസേനയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിന്റെ വിവരം

സൗത്ത് ഇന്ത്യൻ ബാങ്ക് (A/c No. 0048053000116182)

19.07.22 പ്രകാരമുള്ള നീക്കിയിരുപ്പ് - 5637/-

3. വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന യൂസർഫീ

വീടുകളിൽ നിന്ന് 30/- രൂപയും, സ്ഥാപനങ്ങളിൽ നിന്ന് 50/-രൂപ മുതൽ 200/-രൂപ വരെയും സ്ഥാപനത്തിന്റെ മാലിന്യത്തിന്റെ തോത് അനുസരിച്ചാണ് തുക ഈടാക്കുന്നത്.

4. ഇതുവരെ വകയിരുത്തി അനുവദിച്ച തുക

വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിൽ 10 ലക്ഷം രൂപ വകയിരുത്തി 862530/-രൂപ ചെലവഴിച്ചു. തനത് ഫണ്ടിൽ നിന്ന് 263708/-രൂപയും ചെലവഴിച്ചിട്ടുണ്ട്.

5. അജൈവ മാലിന്യങ്ങൾ കയ്യൊഴിക്കുന്ന രീതി

അജൈവ മാലിന്യങ്ങൾ ഏറ്റെടുക്കുന്നതിനായി 13.01.21 ലെ 7-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടെങ്കിലും കൃത്യമായ ഇടവേളകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ടി ഏജൻസി വീഴ്ച വരുത്തിയത് മൂലം നഗരസഭയുടെ ബസ് സ്റ്റാൻഡിന് സമീപമുള്ള എം.സി.എഫിൽ അജൈവ മാലിന്യങ്ങൾ കുമിഞ്ഞുകൂടി ദൈനംദിന മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുള്ളതാണ്. 17.01.22 ലെ 9-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം സ്വകാര്യ ഏജൻസികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും

19.03.22 ലെ 19-ാം നമ്പർ തീരുമാന പ്രകാരം ഡി.ജെ.എസ് Eco Friendly Solutions എന്ന സ്ഥാപനത്തിന്റെ താല്പര്യപത്രം അംഗീകരിച്ച് ടി ഏജൻസിയുമായി രണ്ട് വർഷത്തെ കരാറിൽ ഏർപ്പെട്ടിട്ടുമുണ്ട്.

6. ആർ.ആർ.എഫിലെ യന്ത്രവല്ക്കരണം

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് മെഷീൻ, ബെയ്‌ലിങ്ങ് മെഷീൻ എന്നിവ വാങ്ങിയെങ്കിലും ആയത് ഉപയോഗിക്കാനാവാതെ ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ക്ലീൻ കേരള കമ്പനിയുമായി കരാർ ഉണ്ടാക്കി നഗരസഭയുടെ അധീനതയിലുള്ള തോരാപുരത്ത് പദ്ധതി തുടങ്ങുന്നതിനാണ് ഉദ്ദേശിച്ചതെങ്കിലും പരിസരവാസികളുടെ എതിർപ്പ് മൂലം നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുവാൻ സാധിച്ചില്ല. നിലവിൽ ആർ.ആർ.എഫിന്റെ പ്രവർത്തനം മൂന്ന മാസത്തിനകം പൂർത്തീകരിക്കുന്നതാണെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.

7. പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി വിജ്ഞാപനം ചെയ്യതിന്റെ വിവരം

സ.ഉ(ആർ.ടി)നം.18/2021/ത.സ്വ.ഭ.വ തീയതി 4.01.2021 പ്രകാരം 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്‌മെന്റ് ചട്ടങ്ങളിലേയും, 1994 ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലേയും ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി വിജ്ഞാപനം പുറപ്പെടുവിച്ച് ഗസറ്റ് നോട്ടിഫിക്കേഷനുള്ള നടപടി സ്വീകരിച്ചു വരുന്നു.

8. വാഹനം വാങ്ങൽ

2021-22 സാമ്പത്തിക വർഷത്തിൽ ഹരിത കർമ്മ സേനക്ക് 436075/- രൂപ ചെലവിൽ വാഹനം വാങ്ങിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. യൂസർഫീ കളക്ഷൻ, വിതരണം, ഹാജർ പുസ്തകം, മിനിട്സ് ബുക്ക്, കാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, വാഹന മാനേജ്‌മെന്റ് മുതലായ രേഖകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. എല്ലാ രേഖകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2. ഓരോ വാർഷിക പദ്ധതിയും നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഹരിത കർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കാവുന്നതാണ്.

3. എം.സി.എഫ്, ആർ.ആർ.എഫ് എന്നിവ പ്രവർത്തനസജ്ജമാക്കി ഇവിടങ്ങളിൽ മതിയായ സുരക്ഷാ ക്രമീകരണങ്ങൾ (ഇലക്ട്രിക്കൽ, ഫയർ) ഒരുക്കേണ്ടതാണ്. എം.സി.എഫിൽ ആവശ്യമായ സ്ഥലസൗകര്യം, അടിസ്ഥാന സൗകര്യം, പ്രവർത്തനാനുമതി (മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉൾപ്പെടെ) ലഭ്യമാക്കേണ്ടതാണ്.

തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് നമ്പർ. 225/21-കന്നുകുട്ടി പരിപാലന പദ്ധതി
നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

അടങ്കൽ-625000 {312500(വികസന ഫണ്ട്)+312500(ഗുണ.വിഹിതം)}

ചെലവ്- 212500 (വികസന ഫണ്ട്)

ബിൽ നമ്പർ 3/2020-21/17.2.21, 150000രൂപ (വികസന ഫണ്ട്)

ബിൽ നമ്പർ 11/2020-21/17.3.21, 62500രൂപ (വികസന ഫണ്ട്)

കന്നുകുട്ടികളുടെ പരിപാലനത്തിനായി ആവിഷ്കരിച്ച പ്രൊജക്റ്റ് പ്രകാരം 312500രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ ചുമതലയുള്ള അസിസ്റ്റന്റ് ഡയറക്ടർക്ക് NEFT മുഖേന കൈമാറിയിട്ടുണ്ട്.(അക്കൗണ്ട് നം.714021400000008).

പദ്ധതിയുടെ പുരോഗതി വിവരം അറിയിക്കേണ്ടതും പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

1-28 AUEGS - ഇറിഗേഷൻ കനാൽ വൃത്തിയാക്കൽ പദ്ധതി- സമ്മതപത്രം ലഭ്യമാക്കിയില്ല

പ്രോജക്റ്റ്- 234/20-21 -വാർഡ് 18- നമ്പിയംപടി KPIPകനാൽ വൃത്തിയാക്കൽ
അടങ്കൽ- 300000
ചെലവ്- 290080

എം ബുക്ക് നം- 1. 103/20-21

2. 114/ 20-21

2020-21 വർഷത്തിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിൽ കനാൽ വൃത്തിയാക്കുന്ന പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്. കാഞ്ഞിരപ്പുഴ ഇറിഗേഷൻ പദ്ധതി കനാലും പദ്ധതിയിലൂടെ വൃത്തിയാക്കിയിട്ടുണ്ട്. 76 ദിവസങ്ങളിലായി 980 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ രേഖകൾ പരിശോധിച്ചതിൽ പ്രവൃത്തി നടപ്പാക്കുന്നതിനു മുൻപായി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള സമ്മതപത്രം വാങ്ങിയിട്ടില്ല എന്നു വ്യക്തമായി. ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഇത്തരം പ്രവൃത്തികൾ നടപ്പാക്കുന്നതിനുമുമ്പായി അതാത് വകുപ്പ്/ഓഫീസിൽ നിന്നും സമ്മതപത്രം ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് നിർദേശം

നഗരസഭയുടേതല്ലാത്ത ആസ്തികൾ ഉൾപ്പെട്ട പ്രവൃത്തികൾ ആരംഭിക്കുന്നതനു മുമ്പായി ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും രേഖാമൂലം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-29 തെരുവുവിളക്കുകൾ സ്ഥാപിക്കൽ

1. പ്രോജക്റ്റ്- 178/21- ഇന്റഗ്രേറ്റഡ് എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

അടങ്കൽ. 1,20,000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണ ഏജൻസി.- കെ.എസ്.ഐ.ഇ

ബിൽ നം., തീയ്യതി. 21/20-21/28.05.2020

തുക. 1,20,000/-രൂപ
2) പ്രോജക്റ്റ്- 204/21-എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ്, മിനിമാസ്റ്റ് എന്നിവ സ്ഥാപിക്കൽ

അടങ്കൽ. 2,25,000/-രൂപ(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണ ഏജൻസി. കെ.എസ്.ഐ.ഇ
ബിൽ നം, തീയ്യതി. 22/20-21,28.05.2020

തുക. 2,25,000/-രൂപ
3) പ്രോജക്റ്റ് -414/21- സോളാർ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ

അടങ്കൽ. 75,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണ ഏജൻസി. സിൽക്ക്
ബിൽ നം, തീയ്യതി. 82/20-21, 30.03.2021

തുക. 71,250/-രൂപ

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്റ്റുകൾ കെ.എസ്.ഐ.ഇ, സിൽക്ക് എന്നീ സ്ഥാപനങ്ങൾ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൽട്ടന്റ് ആയി പ്രവർത്തിച്ചാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്.

ഇതു സംബന്ധിച്ച് ഓഡിറ്റ് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇവർ ഒരേസമയം പ്രോജക്റ്റ് മാനേജ്മെന്റ് കൺസൽട്ടന്റും അക്രഡിറ്റഡ് ഏജൻസികളുമാണെന്ന് മറുപടി തന്നിട്ടുണ്ട്. മാത്രവുമല്ല മേൽപ്പറഞ്ഞ പ്രവൃത്തികളുടെ ബില്ലുകൾ പരിശോധിച്ചതിൽ സോളാർ എൽ.ഇ.ഡി ലൈറ്റുകളുടെ വിലയിൽ മൂന്ന് പർച്ചേസ് ബില്ലുകളിലും വിലകൾ വ്യത്യസ്ഥമായാണ് കാണപ്പെട്ടത്. ഓഡിറ്റ് വിശദീകരണത്തിന് മറുപടിയായി മൂന്ന് ഇനങ്ങളും വ്യത്യസ്ഥ വാട്ട്സ് ആയതിനാലാണ് ഇപ്രകാരം വിലകൾ വ്യത്യസ്ഥമായി കാണപ്പെട്ടത് എന്ന് മറുപടി നല്കിയിട്ടുണ്ട്.

പ്രോജക്റ്റ് മാനേജ്മെന്റ് കൺസൽട്ടന്റായി ഏതെങ്കിലും ഒരു സ്ഥാപനത്തെ തിരഞ്ഞെടുക്കുവാനും ഭാവിയിൽ അറ്റകുറ്റപ്പണികൾ വേണ്ടി വരുന്നതാകയാൽ ഏകീകൃത സ്റ്റാൻഡേർഡിലും സ്പെസിഫിക്കേഷനിലുള്ള എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ്, മിനിമാസ്റ്റ് എന്നിവ വാങ്ങി സ്ഥാപിക്കുവാനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-30 കരാറുകാർ ഏറ്റെടുക്കാതിരുന്ന പ്രവൃർത്തികൾ തുടർനടപടികൾ സ്വീകരിച്ചില്ല.

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 ഖ.11.2.3(a) പ്രകാരം അടങ്കൽ തുക 50,000/-രൂപയിൽ താഴെയാണെങ്കിൽ ഗുണഭോക്തൃ സമിതികൾ മുഖേന പ്രോജക്റ്റ് നിർവ്വഹിക്കാവുന്നതാണ്. എന്നാൽ മുനിസിപ്പൽ എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണ രേഖകളുടെ പരിശോധനയിൽ രണ്ട് മരാമത്ത് പ്രവൃത്തികൾ 1) പ്രോജക്റ്റ് നം. 91 ആയ വടക്ക് മണ്ണ് ലിങ്ക് റോഡ് കോൺക്രീറ്റ്, 2) പ്രോജക്റ്റ് നം.153-ആയ ചോമേരിക്കുളിക്കടവ് നവീകരണം എന്നിവയ്ക്കായി 25,000/-രൂപ വീതം വാർഷിക പദ്ധതി ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. എന്നാൽ ഓഡിറ്റ് വർഷം ആദ്യ പ്രവൃത്തിക്ക് ഒരു പ്രാവശ്യം സാധാരണ ടെൻഡറും നാലു പ്രാവശ്യം റീ ടെൻഡറും രണ്ടാമത്തെ പ്രവൃത്തിക്ക് അഞ്ചു പ്രാവശ്യം റീടെൻഡറും വയ്ക്കുകയുണ്ടായി. പ്രവൃത്തികൾക്കായി ആരും തന്നെ ടെൻഡർ സമർപ്പിച്ചില്ല. ഇപ്രകാരം ടെൻഡർ ലഭ്യമാകാതിരുന്ന പ്രവൃർത്തികളിന്മേൽ നിർവ്വഹണ സാദ്ധ്യത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാതിരുന്നതിന് ഓഡിറ്റ് വിശദീകരണം ആരാഞ്ഞതിന് രേഖാമൂലം മറുപടി ലഭ്യമാക്കിയില്ല.

1-31 NULM പദ്ധതി - തുടർ പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് ഉറപ്പാക്കണം

NULM വഴി മണ്ണാർക്കാട് നഗരസഭയിൽ നഗരദാരിദ്ര്യ നിർമാർജനത്തിനായി വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതികളുടെ ചെലവ് രേഖകളിൽ നിന്നുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.
കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്, തെരുവോര കച്ചവടക്കാരർക്ക് ലോൺ, സ്വയം തൊഴിൽ സംരംഭകർക്ക് വായ്പ ലഭിക്കുന്നതിനുള്ള നടപടികളെടുക്കുക, കുടുംബശ്രീ യൂണിറ്റുകളെ റിസോഴ്സ് ഓർഗനൈസേഷൻ ആക്കി മാറ്റുന്നതിന് ധനസഹായം അനുവദിക്കുക, ലിങ്കേജ് ലോൺ അനുവദിക്കുക എന്നീ പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്.

കുടുംബശ്രീ യൂണിറ്റുകളെ റിസോഴ്സ് ഓർഗനൈസേഷൻ ആക്കി മാറ്റുന്നതിനുള്ള നടപടിയുടെ ഭാഗമായി 35 യൂണിറ്റുകൾ 20-21 ൽ രൂപീകരിച്ചിട്ടുണ്ട്. ലിങ്കേജ് ലോൺ എന്ന പദ്ധതിയിലൂടെ ഇതു വരെയായി 301 യൂണിറ്റുകൾക്ക് ലോൺ അനുവദിച്ചിട്ടുണ്ടെങ്കിലും തൻവർഷം ഈയിനത്തിൽ ചെലവില്ല.

തെരുവോര കച്ചവടക്കാരുടെ ഉന്നമനത്തിനായി പി.എം സ്വാനിധി വായ്പ പദ്ധതി നടപ്പാക്കുന്നതിനുള്ള വിലയിരുത്തൽ സമിതി 18.3.21 ന് രൂപീകരിച്ചു. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നഗരസഭയിൽ ലഭ്യമായ അപേക്ഷകൾ പരിശോധനയ്ക്ക് ശേഷം ബാങ്കിലേക്ക് കൈമാറിയിട്ടുണ്ട്. തൻവർഷം 10 അപേക്ഷകൾ ഇത്തരത്തിൽ കൈമാറിയിട്ടുണ്ട്.

ഓഡിറ്റ് നിർദേശം

ധനസഹായം കൈപ്പറിയവരുടെ തുടർപ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്. സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കം നിൽക്കുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി നടപ്പാക്കിയ പദ്ധതികൾ ഫലവത്താകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

1-32 സാമൂഹ്യ സുരക്ഷ പെൻഷൻ ഡാറ്റാബേസ് കാലികമാക്കൽ, പെൻഷൻ വിതരണം, മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമാക്കേണ്ടതാണ്

സാമൂഹ്യ സുരക്ഷ പെൻഷൻ ഡാറ്റാബേസ് കാലികമാക്കൽ, പെൻഷൻ വിതരണം, മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/സർക്കുലറുകൾ എന്നിവയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയുടെ ഭാഗമായി നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (നം.24/26.07.22) ലഭ്യമാക്കിയ മറുപടിയുടെ വിശദവിവരം താഴെ ചേർക്കുന്നു.

1) 2020-21 സാമ്പത്തിക വർഷത്തിൽ ഗുണഭോക്താക്കൾ മരണമടഞ്ഞതിനാലോ, പുനർ വിവാഹം നടത്തിയതിനാലോ, മറ്റ് കാരണങ്ങളാലോ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്താതിരുന്നതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | വിതരണം നടത്താത്ത ഗഡുക്കളുടെ എണ്ണം | തുക |
|---|---|---|
| 2020-21 | 1018 | 18,67,000 |

വിതരണം ചെയ്യാത്ത പെൻഷൻ തുകകൾ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 0011023000269 നമ്പർ അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 2020-21 വർഷം വിതരണം ചെയ്യാത്ത തുകകൾ തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. (പെൻഷൻ തുക തിരികെ അടവാക്കിയതിന്റെ വിശദാംശങ്ങൾ പെൻഷൻ തരം, ബാച്ച്, ഗുണഭോക്താക്കളുടെ എണ്ണം എന്നിവയുൾപ്പെടെ). പെൻഷൻ തുക ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിലൂടെ വിതരണം നടത്തുന്നതിനാൽ നഗരസഭയിൽ തിരിച്ചടവ് വിവരം ലഭ്യമല്ല എന്നാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്.

2) നഗരസഭാ പ്രദേശത്തെ ക്ഷേമപെൻഷൻ വിതരണ ഏജൻസിയായ റൂറൽ സർവ്വീസ് സഹകരണ ബാങ്കിന് നഗരസഭ കത്ത് നൽകിയതിൻപ്രകാരം ലഭ്യമായ ലിസ്റ്റിന്മേൽ അന്വേഷണം നടത്തി മരണപ്പെട്ട 128 പേരുകൾ പെൻഷൻ സോഫ്റ്റ് വെയറിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.

3) ഗുണഭോക്താവ് മരണപ്പെട്ട ശേഷം ഉള്ള പെൻഷൻ തുക അവകാശികൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ലെന്ന് സ.ഉ(എം.എസ്)നം.97/2020 തീയതി 23/9/2020 ഖ.15 ൽ വ്യക്തമാക്കിയിട്ടുണ്ട്.
ഓഡിറ്റ് വർഷത്തിൽ ഈയിനത്തിൽ തുകയൊന്നും തിരിച്ചടച്ചിട്ടില്ല.

4) വിധവാ പെൻഷൻ ലിസ്റ്റിൽ നിന്നും വിവാഹ മോചനം നേടിയവരെയും, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനർവിവാഹിതരായിട്ടില്ലാത്തവരു മായ 50 വയസ്സിനു താഴെയുള്ളവരെയും കണ്ടെത്തി അന്വേഷണം നടത്തി പെൻഷൻ നിർത്തൽ ചെയ്യുന്നതിനുള്ള നടപടികൾ നഗരസഭയിൽ സ്വീകരിച്ചു വരുന്നുണ്ട്.

5. നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്ന മരണങ്ങളിൽ പെൻഷൻ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, അവരെ മരണ സർട്ടിഫിക്കറ്റ് അനുവദിക്കുന്ന ദിവസം തന്നെ, പെൻഷൻ ഡാറ്റാബേസിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണെങ്കിലും ബഹു. ചീഫ് രജിസ്ട്രാറുടെ(ജനനം മരണം) 19.10.2019-ലെ ബി1-30277/2017 നമ്പർ സർക്കുലർ പ്രകാരം നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്ന മരണങ്ങൾക്ക് ആധാർ നിർബന്ധമല്ലാത്തതിനാൽ ടി നടപടി സ്വീകരിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട് എന്നാണ് നഗരസഭ അറിയിച്ചിട്ടുള്ളത്.

6. അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിന് നഗരസഭാ സെക്രട്ടറിയുടെ ഓഫീസ് ഉത്തരവ് പ്രകാരം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഓഡിറ്റ് നിർദ്ദേശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

I) ഓരോ ബാച്ച് പെൻഷൻ വിതരണം ചെയ്തതിനു ശേഷവും വിതരണം ചെയ്യാത്ത പെൻഷൻ തുക തിരിച്ചടച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കി തിരിച്ചടച്ച തുകകൾ സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ വിവരങ്ങളുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. നഗരസഭയിലെ പെൻഷൻ ഹോം ഡെലിവറി ഏജൻസിയിൽ നിന്നും ഗുണഭോക്താക്കൾ മരണമടഞ്ഞതിനാലോ, സ്ഥലത്തില്ലാത്തതിനാലോ വിതരണം ചെയ്യാത്ത പെൻഷൻ തുക തിരികെ അടവാക്കിയതിന്റെ വിശദാംശങ്ങൾ പെൻഷൻ തരം, ബാച്ച്, ഗുണഭോക്താക്കളുടെ എണ്ണം എന്നിവയുൾപ്പെടെ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

II) ഓരോ ബാച്ച് പെൻഷൻ വിതരണം പൂർത്തിയാകുമ്പോഴും വിതരണ ഏജൻസിയിൽ നിന്നും അനർഹരായ ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കി മതിയായ പരിശോധനയുടെ അടിസ്ഥാനത്തിൽ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

പെൻഷൻ വിതരണം, പെൻഷൻ ഡാറ്റാബേസ് കാലികമാക്കൽ എന്നീ കാര്യങ്ങളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഊർജ്ജിത ഇടപെടപെടലുകൾ ആവശ്യമാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 പെൻഷൻ ഫണ്ട് - നിലവിലെ സ്ഥിതി

എ) റഗുലർ ജീവനക്കാരുടെ പെൻഷൻ

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെൻറ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം പ്രതിമാസ ശമ്പളത്തിന്റെ 15% തുക സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടക്കേണ്ടതാണെന്നും 9(3) പ്രകാരം പ്രതിമാസ പെൻഷൻ, ഗ്രാറ്റുവിറ്റി കമ്മ്യൂട്ടേഷൻ, പെൻഷൻ കുടിശ്ശികയുൾപ്പെടെ വേണ്ടിവരുന്ന മൊത്തം തുക ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച് നഗരസഭാ സെക്രട്ടറിയ്ക്ക് നൽകുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 10-ൽ മുനിസിപ്പൽ പെൻഷൻ ഫണ്ട് ലഭ്യമായത് വരവ് വെക്കുന്നതിന് ട്രഷറിയിലോ നാഷണലൈസ്ഡ് ബാങ്കിലെ എസ് ബി അക്കൗണ്ടിലോ വരവു വെയ്ക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

2020-21 വർഷം വരെ നഗരസഭ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടവാക്കുവാൻ ബാക്കിയുള്ള തുകയുടെ വിവരം, ഈയിനത്തിൽ നഗരസഭ അടവാക്കിയ തുകയുടെ വിവരം, പെൻഷൻ ഫണ്ട് ലഭ്യമായതിന്റെ വിവരം, നഗരസഭക്ക് പെൻഷൻ ഇനത്തിലുണ്ടായ ചെലവ് എന്നിവയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ. നം. | 31.3.2021 വരെയുള്ള റെഗുലർ പെൻഷൻ വിശദാംശം | തുക |
|---|---|---|
| 1 | പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ ലഭിക്കാനുള്ള തുക (റഗുലർ വിഭാഗം പെൻഷൻകാരുടെ പെൻഷൻ, മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ എന്നീയിനങ്ങളിൽ മേൽ കാലയളവിൽ നഗരസഭ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക) | 239200 |
| 2 | പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ നഗരസഭയ്ക്ക് ലഭിച്ച തുക | 0 |
| 3 | പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നഗരസഭ ഒടുക്കേണ്ടതായ തുക (വർഷം തിരിച്ച്) | മുഴുവൻ തുകയും അടവാക്കി യിട്ടുണ്ട് |
| 4 | സെൻട്രൽ പെൻഷൻ ഫണ്ടിൽ നഗരസഭ അടയ്ക്കേണ്ട തുകയും അലോട്ട്മെൻറായി നഗരസഭയ്ക്ക് അനുവദിച്ച തുകയും കഴിച്ച് പെൻഷൻ ഫണ്ടായി നഗരസഭയ്ക്ക് ലഭിയ്ക്കേണ്ട തുക | 239200 |
| 5 | പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ അവശേഷിക്കുന്ന തുക | ഇല്ല |

ബി) കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ

മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന കണ്ടിജന്റ് ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 15% മാസവിഹിതം ആയി മുനിസിപ്പൽ കണ്ടിജൻറ് എംപ്ലോയീസ് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന് കേരള മുനിസിപ്പൽ കണ്ടിജൻറ് എംപ്ലോയീസ് (ഡെത്ത് കം റിട്ടയർമെൻറ് ബെനിഫിറ്റ്) റൂൾസ് 1997 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നഗരസഭയിൽ സ്ഥിരം കണ്ടിജന്റ് ജീവനക്കാർ ഇല്ലാത്തതിനാൽ ഇ.പി.എഫ് അക്കൗണ്ട് ആരംഭിച്ചിട്ടില്ലാത്തതാണ്. നഗരസഭയിൽ സ്ഥിരം കണ്ടിജന്റ് ജീവനക്കാരെ നിയമിക്കുന്ന മുറക്ക് പെൻഷൻവിഹിതം നിക്ഷേപിക്കുന്നതിനായി അക്കൗണ്ട് തുടങ്ങേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പി.എം.എ.വൈ ഭവന പദ്ധതി - ഗുണഭോക്താക്കൾക്ക് അധിക തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പി.എം.എ.വൈ ഭവന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ അവസാന ഗഡു കൈപ്പറ്റിയ രണ്ട് ഗുണഭോക്താക്കൾക്ക് അധിക തുകഅനുവദിച്ചതായി കണ്ടെത്തി. സ.ഉ(കൈ)നം.22/2018 /ത.സ്വ.ഭ.വ തീയതി 14.02.18 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖ. 7.9 പ്രകാരം ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയാണ് പരമാവധി ധനസഹായം അനുവദിക്കാവുന്നത്. അധികം നൽകിയതിന്റെ വിവരം ചേർക്കുന്നു.

| ഡി പി ആർ നം. | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | അനുവദിച്ച തുക | തീയതി | അധികം അനുവദിച്ചത് |
|---|---|---|---|---|---|
| 2/109 | ജാനകി.വി.എസ് സുബ്രഹ്മണ്യൻ, വട്ടപ്പറമ്പിൽ, തെന്നാരി | 33426357679 | 100000 | 2.02.19 | 75000 |
| | | | 100000 | 17.06.19 | |
| | | | 65000 | 2.03.20 | |
| | | | 65000 | 6.03.20 | |
| | | | 50000 | 08.06.20 | |
| | | | 475000 | | |
| 2/356 | സരസ്വതി.എം പി.പഴനിയപ്പൻ, കോയക്കോട്ടിൽ, പെരുമ്പടാരി | 202601231000296 | 25000 | 4.08.18 | 50000 |
| | | | 100000 | 15.10.18 | |
| | | | 100000 | 14.03.19 | |

| | | |
|---|---|---|
| | 175000 | 18.07.19 |
| | 50000 | 15.10.20 |
| | 450000 | |

അധികം അനുവദിച്ച തുക 125000/-രൂപ ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥനായ നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.
തുടർനടപടികളുടെ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 18-7-2022 മുതൽ 26-7-2022 വരെ | റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല.

### 4-3 നിക്ഷേപ പ്രവൃത്തികൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾ നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രൊജക്ട് നം. | പ്രൊജക്ട് | അടങ്കൽ | ബിൽ നം/ തീയതി | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|---|---|
| അസി. എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ., കെ.എസ്.ഇ.ബി, മണ്ണാർക്കാട് | 408 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 100000 | 42/ 8.03.21 | 99964 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല |
| എക്സി. എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, ഷൊർണ്ണൂർ | 409 (ജനറൽ) | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടലും, മാറ്റലും | 450000 | 38/ 25.02.21 | 450000 | |
| ടി | 413 (എസ്.സി.പി) | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് | 450000 | 41/ 3.03.21 | 450000 | |

| | | | | | | |
|---|---|---|---|---|---|---|
| | | ലൈൻ നീട്ടലും, മാറ്റലും | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 വായ്പാ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് മിഷൻ | ലഭ്യമല്ല | 92186667 | 92186667 | 7253334 | --- | 84,933,333 |

വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5-Secured Loans-ൽ 84933333 രൂപയും B-6-Unsecured Loans-ൽ 167700 രൂപയും Liability ഉണ്ട്. ലോൺ വരവ് ,വിനിയോഗം, തിരിച്ചടവ് , അടവാക്കാൻ ബാക്കിയുള്ള തുക എന്നിവ ഉൾപ്പെടുത്തി ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. B-6-Unsecured Loans-ലെ 167700 രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2010-22 | 2007-08 3-1 | 2010-11 | 5.4.10 | പദ്ധതി വിഹിതം ഉപയോഗിച്ച് വാങ്ങിയ ട്രാക്ടറുകൾ പാടശേഖര സമിതി ലേലം ചെയ്തു. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല |
| - | - | 2015-16 | 5.2-പൊതുവായ പരാമർശം | അവലോകനം.-അക്കൗണ്ടിംഗ് സമ്പ്രദായം (പ്രത്യേക അവലോകനം) | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല. |
| - | - | 2013-14 | 5.3 പൊതുവായ പരാമർശം | വ്യവസായം (പ്രത്യേക പരാമർശം) | |
| 2017-18 | 3-3 | 2019-20 | 3.1.2 | ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് നിർജ്ജീവാസ്ഥിയായി തുടരുന്നു. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല. |

4-9 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം.

ഈയിനത്തിൽ തൻവർഷം വരവില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 204033159 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 175872304 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഒന്നുമില്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 125000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഒന്നുമില്ല |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | --- | 125000/- | ശ്രീ.ഹമീദ്.കെ.എം സെക്രട്ടറി ഇൻ-ചാർജ്ജ് (75,000) |
| | | | ശ്രീ.ശ്രീരാഗ്.എം.എസ്, സെക്രട്ടറി (50,000) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക
ഒന്നുമില്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങ ൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഹമീദ്.കെ.എം, സെക്രട്ടറി ഇൻ-ചാർജ്ജ് | - | കുന്നത്ത് പീടികയിൽ വീട്, ആറങ്ങോട്ടുകര (പി.ഒ), ദേശമംഗലം വഴി, പാലക്കാട്-679532 |
| ശ്രീ.ശ്രീരാഗ്.എം.എസ്, സെക്രട്ടറി | - | ചോതി, മുള്ളാരംങ്കോട്, 695611 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | - | ഒന്നുമില്ല |

| | | |
|---|---|---|
| 1997-98 | എൽ.എഫ്. പി.9/1055 /02/17-1-2003 | ഒന്നുമില്ല |
| 1998-1999 | എൽ.എഫ്. പി.9/1216 /03/04-12-2003 | 7 |
| 1999-2000 | എൽ.എഫ്. പി.9/244 /04/24-4-2007 | 38 |
| 2000-2001 | എൽ.എഫ്. പി.9/1606 /13/17-12-2014 | 27 |
| 2001-2002 | എൽ.എഫ്. പി.9/1408 /13/1-1-2015 | 19 |
| 2002-2003 | എൽ.എഫ്. പി.9/1250 /06/10-9-2007 | 9 |
| 2003-2004 | എൽ.എഫ്. പി.9/1185 /13/6-5-2014 | 13 |
| 2004-2005 | എൽ.എഫ്. പി.9/1184 /13/5-8-2014 | 10 |
| 2005-2006 | എൽ.എഫ്. പി.9/1183 /13/6-8-2014 | 9 |
| 2006-2007 | എൽ.എഫ്. പി.9/276 /11/28-2-2011 | 15 |
| 2007-2008 | എൽ.എഫ്. പി.9/1181 /13/28-11-2014 | 17 |
| 2008-2009, 2009-2010 2010-2011 | എൽ.എഫ്. പി.9/1055 /02/17-1-2003 | 40 |
| 2011-2012 | എൽ.എഫ്. പി.9/1102 /14/7-5-2015 | 18 |
| 2012-13 | കെ.എസ്.എ-പി.കെ.ഡി19/743/15 /10-08-2015 | 12 |
| 2013-14 & 2014-15 | കെ.എസ്.എ-പി.കെ.ഡി19/1406/15 / 10-02-2016 | 41 |
| 2015-16 | 1.നം.കെ.എസ്.എ-പി.കെ.ഡി22-106/17 2. നം.കെ.എസ്.എ-പി.കെ.ഡി-22-107/17 (11/15 മുതൽ -3/16 വരെ) | - |
| 2016-17 | നം:KSA.PKD(22)-1991/17 /3.11.2017 | 31 |
| 2017-18 | നം:KSA.PKD(22)168എ/2019 /6-4-2019 | 37 |
| 2018-19 | നം:KSA.PKD(22)168എ/2019 /6-4-2019 | 7 |
| 2019-20 | നം:KSA.PKD(22)1774/2021 /29-6-2022 | 45 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 3

## വാർഷികക്കണക്കുകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| | Mannarkkad Municipality<br><br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | 1-1 | 22020339.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br><br>(BLOCKED) | 1-2 | 28825.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 267456.00 |
| 140000000 | Fee & User Charges | 1-4(b) | 3779580.00 |
| 150000000 | Sale & Hire Charges | 1-5(b) | 252674.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br><br>Subsidies | 1-6 | 188212790.00 |
| 171000000 | Interest Earned | 1-8 | 360883.00 |
| 180000000 | Other Income | 1-9 | 75395.00 |
| | Total Income | | 214997942.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-IO(b) | 19480745.00 |
| 220000000 | Administrative Expenses | 1-11(b) | 6803408.00 |
| 230000000 | Operations & Maintenance | 1-12(b) | 12833876.00 |
| 240000000 | Interest & Finance Charges | 1-13 | 7232.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | 14 | 128888039.00 |
| 251000000 | Decentralised Plan Programme-Service Sector | I— 14 | 13993076.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | 14 | 16617731.00 |
| 253000000 | Decentralised Plan Programme-Projects not included in<br><br>Sector Division | 14 | 1952312.00 |
| 270000000 | Provisions and Write off | 1-16 | 0.0 |
| 272000000 | Depreciation | 1-17(a) | 11969638.00 |
| | Total Expenditure | | 212546057.00 |
| | Gross Surplus/ Deficit of income over Expenditure | | 2451885.00 |
| 280000000 | Prior Period Item | 1-18 | -365007.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2816892.00 |
| 290000000 | Transfer to Reserve Funds | 1-18(a) | 0.0 |

| | | | |
|---|---|---|---|
| | Mannarkkad Municipality<br><br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 32039482.00 |
| Cash | Cash | RP-40(a) | 223332.00 |
| | Operating | | |
| 110000000 | Tax Revenue | RP-I | 5321245.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br><br>(BLOCKED) | RP-2 | 28825.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | | 2208720.00 |
| 150000000 | Sale & Hire Charges | RP-5 | 252674.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 75128394.00 |
| 171000000 | Interest Earned | RP-8 | 360883.00 |
| 180000000 | Other Income | RP-9 | 55220.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 16552887.00 |
| 440000000 | Pre-paid Expenses | RP-39 | 0.0 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 23114413.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 45708620.00 |
| 340000000 | Deposits Received | RP-27 | 393794.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-29 | 2605037.00 |
| 410000000 | Fixed Assets | RP-31 | 0.0 |
| 460000000 | Loans, Advances and Deposits | RP-41 | 39633.00 |
| | Grand total | | 204033159.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-IO | 4249475.00 |
| 220000000 | Administrative Expenses | RP-11 | 6766058.00 |
| 230000000 | Operations & Maintenance | RP-12 | 12918824.00 |
| 240000000 | Interest & Finance Charges | RP-13 | 7232.00 |
| 250000000 | Decentralised Plan Programme- Productive Sector | RP— 14 | 61248630.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 12723076.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | | RP-46 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | | RP-47 |
| 270000000 | Provisions and Write off | | RP-16 |
| 331000000 | Unsecured Loans | | RP-26 |
| 341000000 | Deposit Works | | RP-28 |
| 350000000 | Other Liabilities | | RP-29 |
| 430000000 | Stock-in-hand | | RP-36 |
| 431000000 | Sundry Debtors (Receivables) | | RP-37 |
| 480000000 | Miscellaneous Expenditure to be written off | | RP-44 |
| | Non Operating | | |
| 280000000 | Prior Period Item | | RP-19 |
| 311000000 | Earmarked Funds | | RP-22 |
| 312000000 | Reserves | | RP-23 |
| 320000000 | Grants, Funds & Contributions for Specific Purposes | | RP-24 |
| 340000000 | Deposits Received | | RP-27 |
| 350000000 | Other Liabilities | | RP-29 |

| | | |
|---|---|---|
| 410000000 | Fixed Assets | RP-31 |
| 412000000 | Capital work in Progress | RP-33 |
| 460000000 | Loans, Advances and Deposits | RP-41 |
| | Closing Balance | |
| Bank | Bank | RP-40(b) |
| Cash | Cash | RP-40(b) |
| | Grand Total | |

| | | | |
|---|---|---|---|
| | Mannarkkad Municipality<br><br>BALANCE SHEET | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | | 43708376.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund,Trust or<br><br>Agency Fund | | 3805608.00 |
| 312000000 | Reserves | B-3 | 100402045.00 |
| | Total Reserve & Surplus | | 147916029.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | | 17968111.00 |
| | Total Grants, Contributions for Specific Purposes | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | | 1-1 |
| 120000000 | Assigned Revenues, Shared Taxes and Compensations<br><br>(BLOCKED) | | 1-2 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 267456.00 |
| 140000000 | Fee & User Charges | 1-4(b) | 3779580.00 |
| 150000000 | Sale & Hire Charges | 1-5(b) | 252674.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br><br>Subsidies | | 1-6 |

| | | | |
|---|---|---|---|
| 171000000 | Interest Earned | | 1-8 |
| 180000000 | Other Income | | 1-9 |
| | Total Income | | 214997942.00 |
| | EXPENDITURE | | |
| 411000000 | Accumulated Depreciation | B-11 | -68412659.00 |
| 412000000 | Capital Work in Progress | B-11 | 2850537.00 |
| | Total Fixed Assets | | 112593611.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B — 14 | 470680.00 |
| 431000000 | Sundry Debtors (Receivables) | B-15 | 17609456.00 |
| 440000000 | Pre-paid Expenses | B-16 | 84933333.00 |
| 450000000 | Cash and Bank Balance | B — 17 | 28160855.00 |
| 460000000 | Loans, Advances and Deposits | | B-18 |
| | Total Current Assets, Loans and Advances | | 143284481.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | | B-20 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 255878092.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ